


## ഉത്ഥാന കീർത്തനം.

(ശ്രീമാൻ കെ. ഐ. പോൾ.)

(ദാദബായി നവറോജി എന്ന മട്ട്.)

ഹിന്ദുസ്ഥാൻ തോടി — ആദിതാളം

പാഹിമാം—നാഥാ ·സദാ—പാ— സന്തതം നിൻതിരുനാമം
സ്മരിക്കുവാൻ.
നിത്യജീവപ്രദനെ-സത്യജ്ഞാനാകരമെ! പാരത്രികസ്ഥിതർ
ഭാഗ്യംലഭിച്ചവർ പാടിസദാപുകഴ്ത്തീടുംപരമാത്മമെ. (പാഹിമാം)

കർമ്മല കുസുമം.

പുസ്തകം ൨൧.) ഏപ്രിൽ. (ലക്കം ൪.

# പ്രസാധകക്കുറിപ്പുകൾ.

## പീഡാനുഭവത്തിനുശേഷം.

മ്ശിഹായുടെ പീഡാനുഭവം വാസ്തവത്തിൽ ഒരു ദിവസത്തേയ്ക്കു മാത്രമേ ദീൎഘിച്ചൊള്ളു. വ്യാഴാഴ്ച രാത്രി ഗെദസെമ്മോൻ തോട്ടത്തിൽ ആരംഭിച്ചു; വെള്ളിയാഴ്ച മൂന്നു മണിയ്ക്കു ഗാഗുൽത്തായിൽവച്ചു അവസാനിക്കയും ചെയ്തു. എങ്കിലും ആ ഒരു ദിവസത്തിനിടയ്ക്കു നമ്മുടെ ദിവ്യ രക്ഷകൻ അനുഭവിച്ച കഷ്ടാനുഭവങ്ങൾ എത്രയോ അവൎണ്ണനീയം! തന്റെ പരമ പിതാവുപോലും തന്നെ പരിത്യജിച്ചതുപോലെ കാണപ്പെട്ടു. "എന്റെ ദൈവമേ! എന്റെ ദൈവമേ! എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു?" എന്നു സ്നേഹം നിറഞ്ഞ രക്ഷകൻ കുരിശിൽ നിന്നു നിലവിളിച്ചു. ഹാ! എന്നാൽ ഞായറാഴ്ച പ്രഭാതമായതിനോടെ കാൎയ്യത്തിന്റെ നില എത്ര വ്യത്യാസപ്പെട്ടുപോയി എന്നു നോക്കുക. മരണത്തെ ജയിച്ച് മഹിമപ്രതാപത്തോടേ താൻ ഉയിൎത്തെഴുന്നേററു. സൂക്ഷ്മം അക്ഷയം ദീപ്തി ലഘുത്വം എന്ന ഉന്നത വരങ്ങളോടു കൂടി തന്റെ തിരുശരീരം പ്രശോഭിച്ചു. ദുഃഖവെള്ളിയാഴ്ചത്തെ ആ പ്രലാപകര നിലയും ഞായറാഴ്ചത്തെ ആ ജയഘോഷ സ്ഥിതിയും തമ്മിൽ എത്ര വ്യത്യാസം. ക്രിസ്തീയ ആത്മാവേ! ഇതു തന്നെയാകുന്നു നിനക്കും വരുവാനിരിക്കുന്നത്. നിന്റെ ഈ ലോക ജീവിതം ഒരു പീഡാനുഭവ ദിവസത്തിനു തുല്യമായിരിക്കുന്നു. അത്രവേഗത്തിൽ അതു അവസാനിക്കും. അനന്തരം ഇതിനെയെല്ലാം നൂറുമടങ്ങു പരിഹരിക്കത്തക്ക മഹത്വമുള്ള ഉയിൎപ്പു നിന്നെ പ്രതീക്ഷിച്ചിരിക്കുന്നു. മ്ശിഹായോടുകൂടെ നീ മരിക്കുമെങ്കിൽ — മ്ശിഹായുടെ കുരിശിനെ എടുത്തുകൊണ്ടുതന്നെ നീ അനുഗമിക്കുമെങ്കിൽ — മ്ശിഹായോടുകൂടെ നീ ഉയിൎത്തെഴുന്നേല്ക്കുകയും ചെയ്യും. ഒരിക്കലും അവസാനിക്കാത്തതായ ഒരു പരമാനന്ദഭാഗ്യം — മരണമില്ലാത്തതായ ഒരു നിത്യത്വം — നിനക്കുതയാറാക്കിയിരിക്കുന്നു. ധൈൎയ്യപൂൎവ്വം യുദ്ധം ചെയ്യുക.

## വത്തിക്കാൻ സംസ്ഥാനം.

പരിശുദ്ധ പിതാവും ഇററലിയുമായി ചെയ്തു ഉടമ്പടി പ്രകാരം മാൎപ്പാപ്പാ തിരുമനസ്സിലെ സൎവ്വാധിപത്യത്തിൽ വിട്ടുകൊടുത്തിരിക്കുന്ന രാജ്യത്തിന്റെ വിസ്തീൎണ്ണതയെപ്പററി അറിവാൻ പലരും ആഗ്രഹിച്ചുകൊണ്ടാണിരിക്കു

ന്നതു്. തൽസംബന്ധമായ പൂൎണ്ണവിവരങ്ങളൊന്നും ഇതേവരെ പുറത്തുവന്നിട്ടില്ല. ഉടമ്പടിയോടുകൂടി ചേൎത്തിട്ടുള്ള പുതിയ സംസ്ഥാനത്തിൻെറ പടവും പ്രസിദ്ധീകരിച്ചിട്ടില്ല. ഏതായാലും ഇററാല്യൻ ഗവൎമ്മെൻറു ഒരു വലിയ പ്രദേശം കൊടുക്കുന്നതിനാണു് സന്നദ്ധമായതെങ്കിലുംപരിശുദ്ധപിതാവിൻെറ പ്രത്യേക നിർദ്ദേശപ്രകാരം രാജ്യാതിൎത്തി ചുരുക്കിക്കളകയാണുണ്ടായതെന്നു കാണുന്നു. വത്തിക്കാൻ തോട്ടവും സെൻറു പീറേറഴ്സ് അങ്കണവും ഉൾപ്പടെ 'കാവലെഗറിഗെയിററ്" വരെയുള്ള പ്രദേശങ്ങൾ പുതിയ വത്തിക്കാൻസംസ്ഥാനത്തിൽ ഉൾപ്പെട്ടുമെന്നാണു ഒരു സന്ദേശത്തിൽ നിന്നറിയുന്നതു. ഇതുകൂടാതെ വത്തിക്കാൻ സംസ്ഥാനത്തിനു പുറമേയുള്ള പല അരമനകളും ദേവാലയങ്ങളും പരിശുദ്ധ പിതാവിൻെറ സ്വതന്ത്ര ഭരണത്തിനുവിട്ടുകൊടുത്തിട്ടുണ്ടു്. ചുരുക്കത്തിൽ രാജ്യവിസ്തീൎണ്ണമല്ല പൂൎണ്ണ സ്വാതന്ത്ര്യമാണു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ വിഷയത്തിൽ പ്രധാനമായി പരിഗണിച്ചിട്ടുള്ളതു്. മുപ്പത്തിരണ്ടുകോടി ജനത്തിൻെറ ഏകാധിപൻ ഇററലിയുടെ ഒരു പ്രജയെന്ന വിധത്തിൽ വൎത്തിക്കാൻ പാടില്ലാത്തതാണെന്നുള്ള വാദം അംഗീകരിക്കപ്പെട്ടു. മാൎപ്പാപ്പായുടെ രാജ്യം കവൎന്നെടുത്തശേഷം ഏകീകൃത ഇററലിയുടെ ഒന്നാമത്തെ പ്രധാനമന്ത്രിയായിരുന്ന സിഞ്ഞോർ ജൊവാന്നിലാൻസ്സാ തന്നെയും ഇതേപ്പററി പ്രസ്താവിച്ചിട്ടുള്ളതു ഈ തരുണത്തിൽ സ്മരണീയമാണു്. "ലോകൈകസഭയുടെ തലവനെയാണു ഗവൎമ്മെണ്ടു മാൎപ്പാപ്പായിൽ കാണുന്നതു്. നമ്മുടെ ജാതീയനിയമങ്ങൾ യാതൊന്നും യാതൊരു വിധത്തിലും അദ്ദേഹത്തെ ബാധിക്കുന്നതല്ല. യാതൊരു രാജ്യത്തിനും കീഴല്ലാത്തതും, യാതൊരു ഗവൎമ്മെണ്ടിനും അധീനമല്ലാത്തതും, എല്ലാ രാഷ്ട്രീയാധിപത്യത്തിനും പുറമേയുള്ളതുമായ ഒരു സൎവ്വരാജ്യപുരുഷനെ മാൎപ്പാപ്പായിൽ ഗവൎമ്മെണ്ടു അംഗീകരിക്കുന്നു" എന്നാൽ സിഞ്ഞോർ ലാൻസാ പറകമാത്രം ചെയ്തതു് ഇപ്പോൾ സിഞ്ഞോർ മുസ്സോലീനി പ്രവൃത്തിയിൽ വരുത്തിയിരിക്കുന്നു.

### കത്തോലിക്ക തത്വസമാജം.

ഇൻഡ്യൻ കത്തോലിക്ക തത്വസമാജം ആരംഭിച്ചിട്ടു പത്തുകൊല്ലം പൂൎത്തിയായിരിക്കുന്നു. ഇതിനിടയ്ക്കു കത്തോലിക്ക പ്രസിദ്ധീകരണ പ്രചാരാൎത്ഥം ഈ സംഘം ചെയ്തിട്ടുള്ള ശ്രമങ്ങൾ എത്ര ഫലപ്രദങ്ങളായിട്ടുണ്ടെന്നു പ്രസിദ്ധമാണു്. മതതത്വ സംബന്ധമായും, ചരിത്രസംബന്ധമായും, ഭക്തിവിഷയകമായും, വാദപ്രതിവാദരൂപമായും അനവധി പുസ്തകങ്ങളും ലഘുലേഖകളും ഇൻഡ്യയുടെ നാനാഭാഗങ്ങളിലായി വിതരണം ചെയ്യപ്പെട്ടിട്ടുണ്ടു്. പല മാനസാന്തരങ്ങൾതന്നെയും ഇതുകൾവഴിയായി സംഭവിച്ചിട്ടുള്ള വിവരം ഞങ്ങൾക്കറിയാം. ഇൻഡ്യയുടെ മാനസാന്തരത്തിനുള്ള പ്രധാന മാൎഗ്ഗം ഇതുതന്നെയാണെന്നുള്ളതിനു സംശയമില്ല. എങ്കിലും ഇത്ര രക്ഷാകരമായ ഈ സംഗതിയിൽ ഇനിയും വേണ്ടപോലെയുള്ള സഹകരണം ഉണ്ടായിക്കാണാത്തതിൽ ദുഃഖിക്കുന്നു. തത്വസമാജ പ്രസിദ്ധീകരണങ്ങൾക്കു ൧൭൦൦ വരിക്കാർ മാത്രമാണു ഇതേവരെ ഉണ്ടായിട്ടുള്ളതെന്നു കാണുന്നതു് ഇൻഡ്യയുടെ സ്ഥിതിക്കു് ഒട്ടും ആശാസ്യമല്ലതന്നെ. ഊൎജ്ജസ്വലനായ ഇതിൻെറ സെക്രട്ടറി മിസ്റ്റർ ജഗന്നാഥൻപിള്ള കെ. എസ്. ജി. അവർകളുടെ ശ്രമങ്ങളോടു തുലനംചെയ്യുമ്പോൾ ഇതു തീരെ പോരാത്തതന്നെ എന്നു പറയണം. ഇൻഡ്യയിലെ പല പ്രധാനസ്ഥലങ്ങളിലും ഇതിലേക്കുള്ള വില്പനശാലകൾ ഇനിയും സ്ഥാപിക്കാതെയുണ്ടെന്നു കാണുന്നു. കേരളീയരുടെ പ്രോത്സാഹനവും ഇനിമേൽ കൂടുതലായി ഉണ്ടായിക്കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

# കർത്താവിന്റെ ഉയിപ്പ്.

(റവ. ഫാദർ വില്യം സി. ഡി. എം. ഏ., എൽ. ററി.)

ഈശോകർത്താവു മരിച്ച് അടക്കപ്പെട്ടിട്ടു മൂന്നാംദിവസം അതിരാവിലെ കല്ലറയിൽ നിന്നു് മഹിമയോടുകൂടി ഉയിർത്തെഴുന്നേററു. അപ്പോഴും ഭൂമികുലുക്കം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നു് കല്ലറ അടച്ചിരുന്ന കല്ലു ഉരുട്ടിമാററി അതിന്റെ മീതെ ഇരുന്നു. അയാളുടെ ആകൃതി മിന്നൽപോലെയും വസ്ത്രം മഞ്ഞുപോലെയും ആയിരുന്നു. കാവൽക്കാർ അയാളെകണ്ടു ഭയന്നു മൃതപ്രായരായിപ്പോയി. അവരിൽ ചിലർ പട്ടണത്തിൽ ചെന്നു സംഭവിച്ചതെല്ലാം പ്രധാനാചാര്യന്മാരെ അറിയിച്ചു. അവർ കൂടി ആലോചിച്ച് സേവകക്കു ധാരാളം പണം കൊടുത്തു്, ഞങ്ങൾ ഉറങ്ങിപ്പോയപ്പോൾ മ്ശിഹായുടെ ശിഷ്യന്മാർ വന്നു അദ്ദേഹത്തിന്റെ പ്രേതം മോഷ്ടിച്ചുകൊണ്ടു പൊയ്ക്കളഞ്ഞു എന്നു പറയുന്നതിനും ശട്ടംകെട്ടി.

കർത്താവു ഉയിർത്തിട്ടു ആദ്യമായി തന്റെ പരിശുദ്ധമാതാവിനാണു പ്രത്യക്ഷനായതു്. വ്യാകുലം നിറഞ്ഞ ഈ നാഥ തന്റെ തിരുക്കുമാരന്റെ പീഡാനുഭവങ്ങളെ ധ്യാനിച്ചശേഷം തന്റെ ഉയിർപ്പിനെ പ്രത്യാശിച്ചുകൊണ്ടിരിക്കയായിരുന്നു. പെട്ടെന്നു ഗബ്രിയേൽമാലാഖാ അനേകായിരംദൈവദൂതന്മാരുടെ അകമ്പടിയോടുകൂടി അവിടെ പ്രത്യക്ഷനായി 'നന്മനിറഞ്ഞമറിയമെ' എന്നു പറഞ്ഞു അഭിവാദ്യം ചെയ്തശേഷം "പരലോകരാജ്ഞീ മനോതുഷ്ടി പൂരിക്ക, എന്തുകൊണ്ടെന്നാൽ അങ്ങ് ഗർഭംധരിച്ചയാൾ മരിച്ചവരിൽനിന്നുയിർത്തിരിക്കുന്നു. ഹല്ലേലൊയ്യാ" എന്നു പറഞ്ഞു. അടുത്ത ക്ഷണത്തിൽ ഉയിർത്ത ദിവ്യരക്ഷകൻ തന്റെ മാതാവിന്റെ മുമ്പിൽ പ്രത്യക്ഷനായി. ഈ നാഥ ഇതുവരെ എത്ര കഠിനമായ ദുഃഖം അനുഭവിച്ചുവോ അതിനു തുല്യമായ ആനന്ദം ഈ സമയത്തു അനുഭവിക്കയുണ്ടായി.

സൂര്യൻ ഉദിച്ച ശേഷം മറിയം മഗ്ദലൈത്തായും, യാക്കോബിന്റെ അമ്മയായ മറിയവും, ശാലോം മറിയവും ഈശോകർത്താവിന്റെ തിരുമേനി നല്ലപോലെ പൂശുന്നതിനായി പരിമളതൈലം എടുത്തുകൊണ്ടു് കല്ലറയുടെ അടുക്കൽ വന്നു. അവർ അവിടെ എത്തിയസമയം കല്ലു നീക്കിയിരിക്കുന്നതായിട്ടാണു് കണ്ടതു്. മറിയം മഗ്ദലൈത്താ ഉടനെ ഓടിപത്രോസിന്റെയും യോഹന്നാന്റെയും അടുത്തു ചെന്നു കല്ലു നീക്കിയിരിക്കുന്നതും കല്ലറയിൽതിരുശരീരം കാണാതിരുന്നതും മററും അറിയിച്ചു. മററു രണ്ടു സ്ത്രീകൾ കല്ലറയ്ക്കകത്തു കയറി നോക്കിയപ്പോൾ അവിടെ ഒരു ദൈവദൂതൻ ഇരിക്കുന്നതുകണ്ടു വളരെ ഭയന്നു. എന്നാൽ ദൈവദൂതൻ അവരെ ആശ്വസിപ്പിച്ചു, "നിങ്ങൾ ഭയപ്പെടണ്ടാ, സ്ലീവായിൽ മരിച്ച ഈശോകർത്താവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു എനിക്കറിയാം. അദ്ദേഹം ഉയിർത്തിരിക്കുന്നു. നിങ്ങൾ വേഗം ചെന്നു് അദ്ദേഹത്തിന്റെ ശിഷ്യന്മാരെഈസംഗതി അറിയിക്കണം" എന്നു പറഞ്ഞു. അതുകേട്ടു അവർ ആശ്ചര്യത്തോടുംസന്തോഷത്തോടുംകൂടെശിഷ്യന്മാരെ ഈ സംഗതി അറിയിക്കുന്നതിനു പോകുന്ന വഴിയിൽ ഈശോകർത്താവു അവക്കു പ്രത്യക്ഷനായി "നിങ്ങൾക്കസ്വസ്തി" എന്നരുളിച്ചെയ്തു. അവർ വളരെ സന്തോഷത്തോടുകൂടെ അദ്ദേഹത്തെ ആരാധിച്ചു. ഈശോകർത്താവു് അവരോടു നിങ്ങൾ ചെന്നു എന്റെ ശിഷ്യന്മാർ ഗ്ലീലായ്ക്കു പോകുന്നതിനു പറയുക അവർ അവിടെവച്ചുഎന്നെക്കാണും എന്നരുളിച്ചെയ്തു.

പത്രോസും യോഹന്നാനും ശീഘ്രം കല്ലറയുടെ പക്കലേക്കു ഓടിവന്നു. യോഹന്നാൻ ചെറുപ്പമായിരുന്നതിനാൽ മു

ന്നെ വന്നുചേൎന്നു. എന്നാൽ ഉള്ളിൽ പ്രവേശിച്ചില്ല. പത്രോസു വന്നശേഷം രണ്ടുപേരും അകത്തേയ്ക്കു കടന്നു നോക്കിയതിൽ പരിവട്ടം അവിടെ കിടക്കുന്നതും തലയിൽ ഇട്ടിരുന്ന ഉറുവാല ചുരുട്ടി ഒരു ഭാഗത്തുവച്ചിരിക്കുന്നതും കണ്ടു. താൻ മരിച്ചവരിൽനിന്നുയിൎക്കണമെന്നുള്ള വേദവാക്യത്തെ അവർ അപ്പോഴും ഗ്രഹിച്ചിട്ടില്ലായിരുന്നു. അവർ തിരികെ തങ്ങളുടെ വീട്ടിലേക്കു പോയപ്പോഴും യോഹന്നാൻ ശീഘ്രം നടന്നു. പത്രോസാകട്ടെ സംഭവിച്ച സംഗതികളെപ്പററി ആലോചിച്ചുകൊണ്ടാണു പോയിരുന്നതു്. അപ്പോൾ ഈശോകൎത്താവു അയാൾക്കു പ്രത്യക്ഷനായി.

മറിയം മഗ്ദലൈത്താ കരഞ്ഞുകൊണ്ടു കല്ലറയുടെ അടുക്കൽ തന്നെ നിന്നു. പിന്നീടു അവൾ കല്ലറയ്ക്കുള്ളിൽ പ്രവേശിച്ചു നോക്കിയപ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ടു മാലാഖാമാരെ കണ്ടു. ആ മാലാഖാമാർ അവളോടു സ്ത്രീയെ നീ എന്തിനു കരയുന്നു എന്നു ചോദിച്ചതിനു അവൾ എന്റെ കൎത്താവിനെ അവർ എടുത്തുകൊണ്ടു പൊയ്ക്കളഞ്ഞു. അദ്ദേഹത്തെ എവിടെ വച്ചിരിക്കുന്നു എന്നു എനിക്കറിഞ്ഞുകൂടാ എന്നുപറഞ്ഞിട്ടു പുറകോട്ടു തിരിഞ്ഞുനോക്കി. അപ്പോൾ ഈശോകൎത്താവു നില്ക്കുന്നതുകണ്ടു. എന്നാൽ അതു കൎത്താവാണെന്നു അവൾക്കു മനസ്സിലായില്ല. താൻ അവളോടു "സ്ത്രീയെ, എന്തിനു നീ കരയുന്നു. നീ ആരെയാണു് അന്വേഷിക്കുന്നതു?" എന്നു ചോദിച്ചു. അതു് തോട്ടക്കാരനാണെന്നു കരുതി "സ്വാമി, അങ്ങു തന്നെ എടുത്തിട്ടുണ്ടെങ്കിൽ എവിടെ വച്ചിരിക്കുന്നു എന്നു എന്നോടുപറയണം. ഞാൻ എന്റെ കൎത്താവിനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം" എന്നു പറഞ്ഞു. ഈശോ കൎത്താവു അവളെ മറിയേ, എന്നു വിളിച്ചു. ഈ ശബ്ദം കേട്ടയുടനെ അതു ഈശോകൎത്താവാണെന്നു മനസ്സിലാക്കി, അവൾ ഗുരോ എന്നൎത്ഥമുള്ള റബോനി എന്നുവിളിച്ചു തൃപ്പാദങ്ങളെ ആലിംഗനം ചെയ്യുന്നതിനായി അടുത്തുചെന്നു. ഈശോകൎത്താവു അവളോടു "എന്നെ തൊടരുതു്; എന്റെ സഹോദരന്മാരുടെ അടുക്കൽപോയി ഞാൻ ഉയിൎത്തെന്നു അറിയിക്കണം:" എന്നരുളിച്ചെയ്തു. അവൾ സന്തോഷം നിറഞ്ഞു ശ്ലീഹന്മാരുടെ അടുക്കൽവന്നു വിവരമെല്ലാം അറിയിച്ചു.

ഈശോമ്ശിഹാ ഉയിൎത്തിട്ടു് നാല്പതു ദിവസത്തേയ്ക്കു ഭൂമിയിൽത്തന്നെ താമസിച്ചു പല പ്രാവശ്യം തന്റെ ശിഷ്യന്മാൎക്കു പ്രത്യക്ഷനായി മോക്ഷമാൎഗ്ഗത്തെക്കുറിച്ചു ഉപദേശിക്കയും അനേകം അത്ഭുതങ്ങൾ പ്രവൎത്തിക്കയും ചെയ്തു. വേദവാക്യങ്ങൾശരിയായി ഗ്രഹിക്കുന്നതിനു തന്റെ ശിഷ്യന്മാരുടെ ബുദ്ധിയെതെളിയിക്കയുംചെയ്തു. ശിഷ്യന്മാർ ഗ്ലീലായിൽ താൻ നിശ്ചയിച്ചിരുന്ന മലയിൽപോയി തന്നെ കണ്ടു ആരാധിച്ചു. ഈശോകൎത്താവു് അവരോടു ഇങ്ങനെ കല്പിച്ചു. "ഇഹലോകത്തിലും പരലോകത്തിലും എനിക്കു സൎവ്വാധികാരം കിട്ടിയിരിക്കുന്നു. ആയതിനാൽനിങ്ങൾ പോയി സകല ജാതിജനങ്ങളോടും ഉപദേശിച്ചു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തി, ഞാൻ നിങ്ങളോടുകല്പിച്ചിരിക്കുന്നതെല്ലാം അനുസരിക്കുന്നതിനു അവരോടു് ഉപദേശിക്കണം. വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവൻ നിത്യനാശത്തിലകപ്പെടും. ഞാൻ ലോകാവസാനംവരെ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടു്."

# പരസ്പര വീക്ഷണം.

ഏതാനും കൊല്ലങ്ങൾക്കു മുൻപ് ഫ്റാൻസിൽ 'ആർസ്' എന്ന സ്ഥലത്ത് വളരെ ദരിദ്രനായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. അയാൾക്ക് എഴുത്തും വായനയും പരിചയമില്ലായിരുന്നു. ദിവസം മുഴുവനും അദ്ധ്വാനിച്ചാണ് അയാൾ ഉപജീവനം കഴിച്ചിരുന്നത്. എന്നാൽ വിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ നേരെയുള്ള സ്നേഹത്തിൽ അയാൾ അദ്വിതീയനായിരുന്നു. ജോലിക്കായി പോകുമ്പോഴും വീട്ടിലേക്കു തിരിച്ചുവരുമ്പോഴും ആ നല്ല മനുഷ്യൻ പള്ളിയിൽ കയറി നമ്മുടെ ദിവ്യരക്ഷകനെ ആരാധിക്കാതിരിക്കയില്ല. അയാൾ തന്റെ ആയുധങ്ങളായ തൂമ്പാ, കൈക്കോട്ട് മുതലായവ പള്ളിവാതുക്കൽ വച്ചിട്ട് അകത്തുകയറി സക്രാരിയുടെ മുൻപിൽ മുട്ടിന്മേൽ നിന്നുകൊണ്ടും ചിലപ്പോൾ ഇരുന്നുകൊണ്ടും പല മണിക്കൂറുകൾ കഴിച്ചുകൂട്ടിയിരുന്നു. വളരെ ആനന്ദത്തോടുകൂടി ഇയാളെ നോക്കിക്കൊണ്ടിരുന്ന വൈദികനു് ഒരിക്കൽപോലും, അയാളുടെ ചുണ്ടുകൾ അനങ്ങുന്നതു കാണുവാൻ സാധിച്ചിട്ടില്ല. ഇതു കണ്ട് അതിശയിച്ചിരുന്ന ആ പട്ടക്കാരൻ ഒരിക്കൽ അയാളെ വിളിച്ച് ഇപ്രകാരം ചോദിച്ചു. "സ്നേഹിതാ! നിങ്ങൾ ദിവസത്തിൽ പല പ്രാവശ്യവും ഇവിടെ വന്നു് നമ്മുടെ കർത്താവിനെ സന്ദർശിക്കുന്നുണ്ടല്ലൊ. ആ അവസരങ്ങളിൽ ഈശോയോടു നിങ്ങൾ എന്താണ് പറയുന്നതു്?" അതിനു മറുപടിയായി, "ഞാൻ കർത്താവിനോട് ഒന്നും പറയുന്നില്ല, ഞാൻ ഈശോയെ നോക്കുകയും ഈശോ എന്നെ കടാക്ഷിക്കുകയും മാത്രമാണ് ചെയ്യുന്നതു്."

ഈ പരസ്പരവീക്ഷണം നമ്മുടെ കർത്താവിനെ ആക്കം ആരാധിക്കുന്നതിനുപകരിക്കുന്ന ഏററം എളുപ്പമായ ഒരു മാർഗ്ഗംതന്നെ.

# വത്തിക്കാൻ ഉടമ്പടി.

(റവ. ഫാ. ജോസഫ് പഞ്ഞിക്കാരൻ എം. എ. പി.എച്ച്. ഡി, ഡി. ഡി, ഡി: സി. എൽ.)

ഫെബ്രുവരി ൧൧-ാംനു- തിങ്കളാഴ്ച ചിരപ്രതീക്ഷിതമായ വത്തിക്കാൻ സന്ധിയ്ക്കു ഒപ്പുവച്ചിരിക്കുന്നു. മാർപ്പാപ്പായുടെ ഭാഗത്തേയ്ക്കു കർദ്ദിനാൾ ഗാസ്പാരിയും അദ്ദേഹത്തിന്റെ അസിസ്റ്റന്റു മൊൺസിഞ്ഞോർ പിസ്സാർഡോയും മൊൺസിഞ്ഞോർ ബൊർഗൊഞ്ഞീനിഡുക്കായും പ്രൊഫസ്സർ പച്ചേല്ലിയുമാണ് സന്ധിയ്ക്കു ഒപ്പുവയ്ക്കാൻ ലത്തറാനിൽ ഹാജരായതു്. ഇത്താല്യൻ ഗവമ്മെണ്ടിന്റെ ഭാഗത്തെയ്ക്കു പ്രധാനമന്ത്രി സിഞ്ഞോർ മുസൊലീനിയും സിഞ്ഞോർ റോക്കായും സിഞ്ഞോർ ഗ്രാണ്ടിയും സിഞ്ഞോർ ജൂന്തായുമാണ് സന്നിഹിതരായിരുന്നതു്. ആകെ മൂന്നു സാധനങ്ങൾ കൊണ്ട് ഇവർ ഒപ്പുവച്ചതു്. (൧) മാർപ്പാപ്പായുടെ സ്വതന്ത്ര രാജാധികാരത്തെ സംബന്ധിച്ചതു്. (൨) ഇത്താല്യയിൽ മതത്തിനും സഭയ്ക്കുമുള്ള സ്ഥാനത്തെ വ്യവസ്ഥ ചെയ്യുന്ന ഒരു കൊൺകോർഡാത്തു്. (൩) ൧൮൭൦-ലെ സംഭവങ്ങൾ മുഖാന്തിരം മാർപ്പാപ്പായ്ക്കു വന്നിട്ടു

ള്ള നഷ്ടപരിഹാര ഉടമ്പടി. ആദ്യമായി മാർപ്പാപ്പായുടെ രാഷ്ട്രീയനിലയെ വ്യവസ്ഥചെയ്യുന്ന സന്ധിക്കു ഒരു മുഖവുരയും 27 വകുപ്പുകളുമാണുള്ളത്. തമ്മിൽ സമാധാനമായി ജീവിക്കുന്നതിൽനിന്നുളവാകുന്ന നന്മകളെക്കുറിച്ചു പ്രസ്താവിച്ചശേഷം പരിശുദ്ധവും അപ്പസ്തോലികവും കത്തോലിക്കവുമായ റോമാതിരുസഭ ഇത്താല്യയിലെ ഏകരാജ്യമതമായി അംഗീകരിച്ചുറപ്പിച്ചിരിന്നു. വത്തിക്കാനിലും അതിനോടുചേർന്നുള്ള സ്ഥലങ്ങളിലും മാർപ്പാപ്പായ്ക്കു പൂർണ്ണാവകാശവും സ്വതന്ത്രരാജകീയഭരണവും ഉണ്ടെന്നു ഇത്താല്യൻ ഗവമ്മേണ്ടു ഏററു സമ്മതിച്ചിരിക്കുന്നു. ഇതിനായി വത്തിക്കാൻ സംസ്ഥാനം എന്ന ഒരു പുതിയ സ്വതന്ത്രരാജ്യം ഏപ്പെട്ടുത്തിയിരിക്കുന്നു. ഇതിൽ എല്ലാവിധ അധികാരങ്ങളും മാർപ്പാപ്പായ്ക്കായിരിക്കും. പത്രോസിൻെറ ദേവാലയത്തിൻെറ മുൻവശത്തെ വിസ്താരമുള്ള മിററം മാർപ്പാപ്പായുടെ വകയാണെങ്കിലും പാപ്പായ്ക്കുവേണ്ടി അവിടത്തെ പോലീസധികാരം ഇത്താല്യൻ ഗവമ്മേണ്ടു നടത്തുന്നതാണ്. സന്ധിയോടു ഒന്നിച്ചു ചേർത്തിട്ടുള്ള പടത്തിൽ വത്തിക്കാൻ സംസ്ഥാനത്തിൻെറ അതിർത്തികൾ കാണിച്ചിട്ടുണ്ട്. വത്തിക്കാൻ രാജ്യത്തിനുള്ള തീവണ്ടിസ്റ്റേഷൻ, കമ്പി, തപാൽ, ടെലഫോൺ, കമ്പിയില്ലാക്കമ്പി മുതലായി ഒരു സ്വതന്ത്രരാജ്യത്തിനു ഇതര രാജ്യങ്ങളുമായി വേണ്ട എല്ലാ ഏർപ്പാടുകളും ഇത്താല്യൻ ഗവമ്മേണ്ടു ചെയ്തുകൊടുക്കണമെന്നു വ്യവസ്ഥയുണ്ട്.

വത്തിക്കാൻ വകയായ വണ്ടികളും വായുവിമാനങ്ങളും ഇത്താല്യൻ രാജ്യത്തു പ്രവേശിക്കുന്നതിനേക്കുറിച്ചു ചില പ്രത്യേക വ്യവസ്ഥകൾ പിന്നീടു ചെയ്യുന്നതാണ്. വത്തിക്കാൻ രാജ്യത്തു സ്ഥിരതാമസമുള്ളവരെല്ലാം വത്തിക്കാൻ പ്രജകളായിരിക്കും. വത്തിക്കാനിൽ സ്ഥിരതാമസക്കാരല്ലെങ്കിലും സഭയുടെ ഭരണാധികാരികൾ, മാർപ്പാപ്പായുടെ അകമ്പടിയിൽപ്പെട്ട ആളുകൾ, മാർപ്പാപ്പായ്ക്കു അത്യാവശ്യമെന്നു പ്രഖ്യാപനംചെയ്യപ്പെടുന്ന ഉദ്യോഗസ്ഥന്മാർ എന്നിവക്കു പല അവകാശങ്ങൾ ഗവമ്മേണ്ടു സമ്മതിച്ചുകൊടുത്തിട്ടുണ്ട്. റോമായിലെ പ്രധാന ബസീലിക്കാകളും, സഭാഭരണത്തിനാവശ്യമായ തിരുസംഘങ്ങളും മററും നടത്തിവരുന്നതൊ മേലാൽ നടത്തുന്നതിനായി എടുക്കേണ്ടിവരുന്നതൊ ആയ കെട്ടിടങ്ങൾ എന്നിവയെല്ലാം മാർപ്പാപ്പായുടെ സ്വതന്ത്രഭരണത്തിൽ മാത്രം ഇരിക്കുന്നതാണ്. അന്യരാജ്യങ്ങളിലേയ്ക്കു തൻെറ പ്രതിനിധികളെ അയയ്ക്കുന്നതിനും മററു രാജ്യങ്ങളിൽനിന്നു പ്രതിനിധികളെ സ്വീകരിക്കുന്നതിനും മാർപ്പാപ്പായ്ക്കു അവകാശമുണ്ട്. ഇററലി ഒരുപ്രതിനിധിയെ വത്തിക്കാനിലേയ്ക്കു നിയമിക്കുന്നതും വത്തിക്കാൻ ഒരു പ്രതിനിധിയെ (Apostolic Nuncio) ഇററലിയിലേക്കു നിയമിക്കുന്നതുമായിരിക്കും. 1815-ൽ വീയന്നായിൽ കൂടിയ കോൺഗ്രസ്സിൽവച്ചു സമ്മതിച്ചിട്ടുള്ളതുപോലെ ഇത്താല്യൻ പ്രതിനിധി മററുള്ളവരുടെ (Dean) മുമ്പനായിരിക്കും. വത്തിക്കാനിലെയും ലത്തറാൻ അരമനയിലെയും ശില്പസംബന്ധവും ശാസ്ത്രീയവും മററുമായ അമൂല്യനിക്ഷേപങ്ങൾ സന്ദശ്ശകന്മാക്കും മററുമായി തുറന്നിരിക്കുന്നതാണ്. വത്തിക്കാൻ സംസ്ഥാനത്തിലെ കുററവാളികളെ പരിശുദ്ധപിതാവിനു താല്പയ്യമുള്ള പക്ഷം ഇത്താല്യൻഗവമ്മേണ്ടു വിചാരണ ചെയ്തു ശിക്ഷിക്കുന്നതാണ്. രാജ്യത്തിൻെറയും മാർപ്പാപ്പായുടെ സംസ്ഥാനത്തിൻെറയും നിയമങ്ങൾക്കു വിരുദ്ധമായി കുററം ചെയ്തിട്ടുള്ളവർ വത്തിക്കാൻ സംസ്ഥാനത്തു വന്നഭയം പ്രാപിച്ചാൽ അവരെ ഇററലിക്കു വിട്ടുകൊടുത്തുകൊള്ളാമെന്നും സമ്മതിച്ചിട്ടുണ്ട്. രാഷ്ട്രീയ സംഗതികളെ ഉദ്ദേശിച്ചു മാത്രം നടത്തപ്പെടുന്ന കോൺഗ്രസ്സുകളിൽ മാർപ്പാപ്പാ സംബന്ധിക്കുന്നതല്ല. എന്നാൽ എല്ലാ ഭാഗക്കാരും ഒന്നുചേർന്നു മാർപ്പാപ്പായുടെ മദ്ധ്യസ്ഥതയ്ക്കപേക്ഷിച്ചാൽ അവിടത്തെ ധാമ്മികവും ആത്മീയവുമായശക്തി ഉപയോഗിച്ചു സമാധാനപരിപാലനത്തിനു അവിടന്നുദ്യമിക്കുന്നതാണ്. ഇക്കാരണത്താൽ വത്തിക്കാൻ സംസ്ഥാനം നിഷ്പക്ഷനിലയിലുള്ള

ത്തും അലംഘനീയവുമായ ഒന്നായി വിചാരിക്കപ്പെടും.

ഈ സന്ധിയാൽ റോമൻ അതിരൂപതയുടെയൊ ഇത്താല്യയുടെയൊമാത്രമല്ല ലൊകൈക കത്തോലിക്കാസഭയുടെ ആത്മീയഭരണത്തിന്നാവശ്യമായ അധികാരങ്ങളും സ്വാതന്ത്ര്യങ്ങളും ലഭിച്ചിരിക്കുന്നതായി മാർപ്പാപ്പാ കരുതുന്നു. സാവോയി രാജകുടുംബത്തിന്റെ കീഴിൽ റോമാ തലസ്ഥാനമായുള്ള ഇത്താല്യൻരാജ്യത്തെ മാർപ്പാപ്പാ അംഗീകരിച്ചിരിക്കുന്നു. മാർപ്പാപ്പായുടെപരമാധികാരത്തിലുള്ള വത്തിക്കാൻ സംസ്ഥാനത്തെ ഇററലിയും അംഗീകരിച്ചിരിക്കുന്നു.

കുടുംബജീവിതത്തിന്റെ ഉറപ്പിന്നടിസ്ഥാനമായ വിവാഹത്തെ ഒരു ക്രദാശയായി വിചാരിക്കയും കത്തോലിക്ക പാരമ്പര്യങ്ങൾക്കും കാനൻനിയമത്തിനുമനുസരിച്ചുള്ള ഭേദഗതികൾ വിവാഹവിഷയത്തിൽ വരുത്തുന്നതിനു രാജ്യാധികാരികൾ സന്നദ്ധതയുള്ളവരായിരിക്കയും ചെയ്യുന്നു. വിവാഹത്തിന്റെ അസാധുത, ക്രിയമാത്രം നടന്നുകഴിഞ്ഞിരിക്കുന്ന വിവാഹങ്ങളെ സംബന്ധിച്ചുള്ള തീർപ്പുകൾ ഇവയെല്ലാം വൈദികകോടതികൾ ചെയ്യേണ്ടതാണ്. വൈദികകോടതിയുടെ തീർപ്പു ഇത്താല്യൻ ഗവമ്മെണ്ടിനയക്കയും ഗവമ്മെണ്ടു തങ്ങളുടെ ഹൈക്കോടതിയിൽ അയച്ചു അതിനെ നടപ്പിൽ വരുത്തുകയും ചെയ്യുന്നതാണ്. "ഇത്താല്യൻകത്തോലിക്കപരിശ്രമം" എന്ന സംഘത്തെയും കത്തോലിക്കതത്വങ്ങളെ പരത്തുന്നതിനുള്ള അവയുടെ രാഷ്ട്രീയമല്ലാത്ത പ്രവൎത്തനങ്ങളെയും ഇററലി അംഗീകരിച്ചിരിക്കുന്നു.

൧൮൭൦-ൽ ഇററലി അപഹരിച്ച പാപ്പായുടെ രാജ്യത്തിന്റെ നഷ്ടപരിഹാരമായി ൧൦,൭൦,൧൪,൦൦൦ രൂപാ രൊക്കം പണമായും ൧൫,൪൭,൭൩,൨൦൦ രൂപാനൂററുക്കു ൫ പലിശ പിരിയുന്ന ഗവമ്മെണ്ടുബാദ്ധ്യതകളിലായും മാർപ്പാപ്പാ സ്വീകരിച്ചിരിക്കുന്നു.

ഇങ്ങിനെ നാം കൊല്ലത്തോളമായി മാർപ്പാപ്പായും ഇത്താല്യൻ ഗവമ്മെണ്ടുമായുണ്ടായിരുന്ന അസ്വരങ്ങളെല്ലാം വളരെ ഭംഗിയായി കലാശിച്ചതിൽ ദൈവത്തെ സ്തുതിക്കയും ഉഭയകക്ഷികളെയും ഹാർദ്ദമായി അനുമോദിക്കയും ഈ പുതിയ പ്രസ്ഥാനം വഴി ഇത്താല്യക്കു മാത്രമല്ല ലോകമൊട്ടുക്കുള്ള കത്തോലിക്കാസഭക്കു നിരവധി അനുഗ്രഹങ്ങൾ വരുന്നതിനു ദൈവം സംഗതിയാക്കട്ടെ എന്നു പ്രാൎത്ഥിക്കയും ചെയ്തുകൊള്ളുന്നു. പാപ്പാരാജൻ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ചിരകാലം വാഴട്ടെ!

---

# അമ്മാവോസിലെ ശിഷ്യർ.

(മഹാകവി കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.)

അന്നല്പതര മിരുശിഷ്യർ വിശേഷമെല്ലാം
ചെന്നസ്സുശങ്കമറിയുംപടി പോയിട്ടമ്പോൾ
ഉന്നമ്റഭക്തിയൊടു തമ്മിലമായനീശൻ
തന്നത്ഭുതം പെരുകിടും ചരിതങ്ങളോതി.

ആറാതെയുള്ളൊരനുതാപമൊടച്ചരിത്രം
മാറാതെകണ്ടവർ പറഞ്ഞു നടന്നിടുമ്പോൾ
ക്രൂരാശയത്തമിരിലേറിയ യേശുദേവൻ
വേറാൾക്കണക്കു വടിവെടുത്തവരോടുചേന്നു.

"ഖേദിച്ചു നിങ്ങളുരചെയ്യുവതെ"ന്തിവണ്ണം
ചോദിച്ചിടും ഗുരുവൊടിങ്ങനെചൊല്ലിശിഷ്യർ;
"ഇന്നു ദിക്കിലീയിടെ നടന്ന വിശേഷമെല്ലാം
വേദിച്ചിടാത്തൊരുഭവാൻപരദേശിയാണോ?"

"എന്നാലതൊന്നു വിവരിച്ചുരചെയ്യിനിപ്പോ"-
ളെന്നായി നാഥ, നതുകേട്ടവരേവമോതി;
"ഇന്നാധിയോടിവർ കഥിപ്പതു യേശുദേവൻ
തന്നാദരം പരമിയന്നൊരുദന്തമത്രേ.

"വീര്യംപെടുംക്രിയ വചസ്സിവചേരന്നൊരാളാ-
മാര്യപ്രഭാവപരിശോഭിതനാ മഹാനേ
ക്രൌര്യംകലന്നുകുരിശിൽകൊലചെയ്യുവാനാ-
ചാര്യവ്രജം പക വളൎന്നിടയാക്കി കഷ്ടം!

"മാലിന്യമങ്ങുടനൊഴിച്ചഭിലാഷമിസ്രാ-
യേലിന്നു ചേൎത്തരുളു മെന്നിവരോൎത്തിരുന്നു;
മാലിപ്പടിയ്ക്കരികളേകി വധിച്ചശേഷം
ചേലിൽക്കഴിഞ്ഞിതിരുവാസരമിന്നു മൂന്നാമ്.

"ഇന്നാളനേക മലസാക്ഷികളാ മഹാനേ-
നന്നായടക്കിയൊരു കല്ലറ തന്നടുക്കൽ
ചെന്നാദരത്തൊടതിരാവിലെനോക്കിയപ്പോ-
ളന്നായകന്റെ തിരുദേഹമതിങ്കലില്ല."

ഈവണ്ണമോതിയ നിജാനുഗരോടു പുത്രൻ
ദേവൻ കഥിച്ചിതു തദാ കരുണാസമേതം;
"ആ വന്ദ്യരാം സുധികൾ തൻമൊഴി വിശ്വ
സിപ്പാ-
നേവക്കുമെങ്ങിനെ വളൎന്നിതു ബുദ്ധിമാന്ദ്യം?"

ഏവം കടുപ്പമിയലും വ്യഥപൂണ്ടൊടുക്കം
ജീവൻ ത്യജിച്ചതിനു പിമ്പഭിഷിക്തനായോൻ
കൈവന്നിടുന്ന മഹിമാവൊടുയിൎത്തണീപ്പാ-
നാവശ്യമെന്നതിനെ നിങ്ങളറിഞ്ഞതില്ലേ?"

എന്നൻപു പൂണ്ടരുളിയിട്ടഖിലേശ പുത്രൻ
തന്നത്ഭുതം പരിലസിക്കു മുദന്തമെല്ലാം
മുന്നംഗ്രഹിച്ച ബുധരോതിയ വാക്യവൃന്ദം
തന്നൎത്ഥമൊക്കെ വിവരിച്ചവരോടു ചൊല്ലി.

സൂരൻമറഞ്ഞുടനിരുട്ടിളയിൽക്കടക്കാ-
നാരംഭമായവർ കുറിച്ചൊരിടത്തുമെത്തി;
സൈ്വരംഗമിപ്പതിനു പിന്നെയുമുദ്യമിക്കും
നേരത്തു യേശുവിനൊടീവിധമോതി ശിഷ്യർ.

"ശ്രീലൻ ഭവാനിനിയുമിങ്ങനെ പോകയോ? (രാ-
ക്കാലംക്ഷണത്തിലണയും, തുണയില്ലൊരാളും;
ആലസ്യമിത്തിരി കുറഞ്ഞിട്ടുമാറുറങ്ങി-
ക്കാലത്തെണീററിവിടെനിന്നു മുദാഗമിക്കാം."

നേരോടുമേറെ വിനയത്തൊടു മൊത്തതാമുൾ-
ത്താരോടു ചേൎന്നിതുകണക്കവർ രണ്ടുപേരും
ഓരോന്നിരന്നിടുകയാലഖിലേശപുത്രൻ
വേരോടു ശങ്കകളവാനതു സമ്മതിച്ചു.

ക്ഷേമാനപായിതം സദനമൊന്നിലണഞ്ഞു മോദം
സീമാവകന്നു ഹൃദിതേടു മവൎക്കശിപ്പാൻ
പ്രേമാതിരേകമൊടുമപ്പ മെടുത്തു വാഴ്ത്തി-
ശ്രീമാനധീശതനയൻ കഷണിച്ചു നൽകി.

മങ്ങുന്ന കണ്ണുകളവൎക്കു തെളിഞ്ഞതിപ്പോ-
ളങ്ങുന്നു ദേവസുതനെന്നു മറിഞ്ഞു ശിഷ്യർ;
തിങ്ങുംവിധം പ്രമദമെത്തിട്ടു മുൾക്കുരുന്നിൽ-
പ്പൊങ്ങുന്ന ഭക്തിയൊടു യേശുവിനേ നമിച്ചു.

കാണാതെയായനുഗർ തൻ നയനത്തിനാൎത്ത-
ത്രാണാനുകമ്പ കലരും സുതനീശനപ്പോൾ;
ചേണാൎന്നിടും കുതുകമോടവർ രണ്ടുപേരും
ബാണാധികം ജവമിയന്നു തിരിച്ചുപോയി.

# കുരിശിന്റെ ശക്തി

(ക. നി. മൂ. സ. ബ. പീയൂസച്ചൻ.)

1816-ൽ ലയൻസ് പട്ടണത്തിലെ ദേവാലയത്തിൽ വച്ചു് ദൊമ്മിനിക്കോസ് സഭാജനറാളായ ജാൻഡൽ എന്ന വന്ദ്യ പുരോഹിതൻ കുരിശിന്റെ ശക്തിയെക്കുറിച്ചു ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ശ്രോതാക്കളുടെ ഗണത്തിൽ യാദൃശ്ചികമായി ഒരു മിണ്ടാവേദക്കാരനുമുൾപ്പെട്ടിരുന്നു. പ്രസംഗാനന്തരം കുരിശിന്റെ ശക്തി ഒന്നു പരീക്ഷിച്ചു അറിയുകതന്നെ എന്നു കരുതി മിണ്ടാമാൎഗ്ഗക്കാരൻ അതേ പട്ടണത്തിലുള്ള അവരുടെ സമ്മേളനസ്ഥലത്തേക്കു ആ പുരോഹിതനെ ക്ഷണിച്ചു. ഏതാദൃശസംഘത്തിൽ ഒരു കത്തോലിക്ക

നു ഭാഗഭാക്കാകുവാൻ പാടുള്ളതല്ല. ആകയാൽ മെത്രാന്റെ പ്രത്യേകാനുമതിയോടെ അദ്ദേഹം മിണ്ടാവേദക്കാരുടെ യോഗശാലയിലേക്കു തിരിച്ചു. യോഗസമയം രാത്രിയാണ്. മേശ, കസാല, സോഫാ മുതലായ സാമഗ്രികളാൽ അലംകൃതമായ യോഗശാലയിൽ സംഘാംഗങ്ങൾ മോടിയായി ഉടുത്തു ആസനസ്ഥരായി. കൂട്ടുകാരന്റെ സഹായത്താൽ നമ്മുടെ അച്ചനും നിർബാധം അകത്തു കടന്നു ഒരു മൂലയിൽ സ്ഥലം പിടിച്ചു ചടങ്ങുകളെ അത്യുൽക്കണ്ഠയോടെ വീക്ഷണം ചെയ്തുതുടങ്ങി. ഇതാ കറുത്ത ഒരുസത്വം വന്നുകഴിഞ്ഞു; അതേ, അന്ധകാരപ്രഭു തന്നെ. മദ്ധ്യത്തിലിട്ടിരുന്ന അദ്ധ്യക്ഷപീഠത്തിൽ അവൻ ആരോഹണം ചെയ്തു. ഉത്തരക്ഷണത്തിൽ അംഗങ്ങൾ ഓരോന്നായി എഴുന്നേററു അദ്ധ്യക്ഷനെ സവിനയം സമീപിച്ചു കുമ്പിട്ടു പാദചുംബനം ചെയ്തു. മധുരങ്ങളായ ഗീതാവലികൾ സദസ്സിൽ മുഴങ്ങിക്കൊണ്ടിരിക്കവെ, ഫാദർ ജാൻഡൽ തിരുസ്ലീവായുമായി പെട്ടെന്നു അദ്ധ്യക്ഷന്റെ മുൻപിൽ പ്രത്യക്ഷനായി. താമസംവിനാ ആ പരിപാവനപതാകയെ വായുമണ്ഡലത്തിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു പിശാചിന്റെമേലും അവന്റെ അനുചരന്മാരായ സംഘാംഗങ്ങളുടെമേലും കുരിശടയാളം വരച്ചു. ഹാ! വിസ്മയം! അദ്ധ്യക്ഷപീഠം അടിയെ മറിഞ്ഞു. അദ്ധ്യക്ഷനെ കാണാനില്ല. മേശകൾ ഉരുളുന്നു. കസാലകൾ മറിയുന്നു. വിളക്കു കെട്ടു. സംഘാംഗങ്ങൾ ഓടിഒളിച്ചു. പുരോഹിതൻ മാത്രം ശേഷിച്ചു.

അമിതമായ ദ്രവ്യാശ, ക്രമാതീതമായ ബഹുമാനപ്രിയം, മാംസേച്ഛ എന്നീ ദുരാഗ്രഹങ്ങൾ പിശാചിനു യോഗശാല ഒരുക്കുന്നതിനായി മനുഷ്യഹൃദയത്തിന്റെ വാതുക്കൽ മുട്ടി പ്രവേശനം ചോദിക്കുമ്പോൾ മായാമോഹത്താൽ വഞ്ചിതരായി വാതായനം തുറന്നുകൊടുക്കാതിരിക്കണമെങ്കിൽ കുരിശിൽ അഭയം തേടേണ്ടിയിരിക്കുന്നു. എന്തെന്നാൽ "കുരിശിലാണ് രക്ഷ; കുരിശിലാണ് ആയുസ്സ്; കുരിശിൽ അത്രെ ശത്രുക്കളിൽനിന്നുള്ള അഭയം. കുരിശിലല്ലാതെ ആത്മരക്ഷയാവട്ടെ, നിത്യായുസ്സിന്റെ ശരണമാവട്ടെ, ഇല്ല". (ക്രിസ്ത്വാനു. ൨-ാം പുസ്ത. ൧൨-ാം അദ്ധ്യാ.)

കുരിശു പൂർവ്വകാലത്തെപ്പോലെ ഒരു ഹാസ്യവിഷയമല്ല ഇന്ന്. ദൈവപുത്രന്റെ അമൂല്യരക്തത്താൽ പ്രക്ഷാളനം ചെയ്യപ്പെട്ടതിൽപിന്നെ അതു ഒരു പരിപാവനവസ്തുവായി പകർന്നുപോയി. ദൈവമക്കളെ അന്യരിൽ നിന്ന് വകഭേദം ചെയ്യുന്നതു് കുരിശാണ്. കുരിശു രാജാക്കന്മാരുടെയും ചക്രവർത്തികളുടെയും മകുടാലങ്കാരമായി പരിലസിക്കുന്നു. സ്ലീവാഅടയാളം വരയ്ക്കുന്നതു് പിശാചിന്റെ നരകീയ ആക്രമണങ്ങളിൽ നിന്ന് നമ്മെ മോചിക്കുന്നതിനുള്ള ഒരുത്തമമാർഗ്ഗമാണ്.

ആകയാൽ രാവിലെ ഉണരുമ്പോഴും, അനന്തരം വിവിധതര ജോലികൾക്കിടയിലും ഭയഭക്തിപൂർവ്വം ഈ ആയുധം ഉപയോഗിച്ചുകൊണ്ടു നാം പോരാടേണ്ടിയിരിക്കുന്നു.

# അക്ഷരാഭ്യാസമില്ലാത്ത മഹതി.

## III.

(റവ. സക്കറിയാസ് പൂവത്തുങ്കൽ.)

അനാഥബാലന്മാർക്ക് ഏതു ശുശ്രൂഷകളും ചെയ്വാൻ സന്നദ്ധയായ ഒരു മഹതി ഈ തരുണത്തിൽ രംഗപ്രവേശനം ചെയ്തു. ഇതു് ഡോൺബോസ്കോയുടെ മാതാവായ നമ്മുടെ കഥാനായികയല്ലാതെ മററാരുമല്ല. മാർഗ്രററ് അന്നാ

ഥമന്ദിരത്തിൽ വന്നതോടെ ഡോൺ ബോസ്കോയിക്കും കുട്ടികൾക്കും വലിയ ആശ്വാസമായി. അവൾ എല്ലാവർക്കും ഒരു വലിയമ്മയായിരുന്നു. കുട്ടികളെ കുളിപ്പിക്കാനും ഉടുപ്പിക്കാനും, തീററാനും പോററാനും, ലാളിക്കാനും ശാസിക്കാനും ആ സാധ്വി സദാ സന്നദ്ധയായിരുന്നു. കുട്ടികളുടെ ആവശ്യങ്ങൾ നിവൃത്തിപ്പാൻ സ്വഭവനവും ആഭരണങ്ങളും വിററ് ആ സ്ത്രീ പണമാക്കി. സ്വപിതൃദത്തങ്ങളായ ആഭരണങ്ങൾ ഉരുക്കിയപ്പോൾ അവരുടെ കണ്ണുകളിൽനിന്നു് അറിയാതെ അശ്രുകണങ്ങൾ വീണുപോയതു് മനുഷ്യസഹജമാണല്ലോ. "കോലാഹലികളായ എത്രമാത്രം കുട്ടികളെയെങ്കിലും കൊണ്ടുവാ, എൻെറ മകൻ അവക്ക് നന്മചെയ്യുന്നിടത്തോളം കാലം കുട്ടികൾ എനിക്ക് ഏറിയെന്നു് വരികയില്ല." എന്നു് മാർഗ്രററ് പലപ്പോഴും സ്വപുത്രനോട്ട് പറക പതിവായിരുന്നു. പകലത്തെ ജോലികൾ ഒതുങ്ങിയ ശേഷം അമ്മയും മകനും ഒന്നിച്ചിരുന്നു് എന്നും ദൈവസ്തുതികൾ പാടിയിരുന്നു. വികൃതിക്കുട്ടികളുടെ ശല്യങ്ങൾ കൊണ്ടു് അപൂർവ്വം ചിലപ്പോൾ ആ വൃദ്ധയുടെ മനം മടുക്കാറുണ്ടായിരുന്നു. ആ അവസരങ്ങളിലൊക്കെ ഡോൺബോസ്കോ മുറിയിലുണ്ടായിരുന്ന തൂങ്ങപ്പെട്ടരൂപം ചൂണ്ടിക്കാണിക്കും. മാർഗ്രററിൻെറ മനസ്സിടിവും ഉടൻ നീങ്ങും. അവക്ക് കുട്ടികളുടെ സ്വഭാവം നല്ലതുപോലെ അറിയാമായിരുന്നു. ഒരിക്കൽ ഒരു കുട്ടി ഉന്മേഷം കൊണ്ടു കോഴികളെയെല്ലാം അടുത്ത പുരയിടങ്ങളിലേക്ക് ആട്ടിപ്പായിച്ചു. അന്നവിടെ വന്നിരുന്ന മാർഗ്രററിൻെറ സഹോദരിക്ക് ഇതൊട്ടും സഹിച്ചില്ല. അവൾ ആ ബാലനെ തല്ലുന്നതിനായി ഓടിച്ചു. മാർഗ്രററ് സഹോദരിയേ തടഞ്ഞിട്ടു് പറഞ്ഞതായതു് "ക്ഷമിക്ക് സഹോദരീ, ക്ഷമിക്ക്. അവൻെറ ഞരമ്പുകളിൽ ഇപ്പോൾ രസമാണ് പായുന്നതു്"

൧൮൫൪-ൽ അനാഥമന്ദിരം സ്ഥാപിച്ചിരുന്ന ടൂറിൻ പട്ടണത്തിൽ കോളറാ പിടിപെട്ടു. ആ അവസരത്തിൽ മാർഗ്രററിൻെറ പരസ്നേഹം അതിയായി പ്രകാശിച്ചു. മേശവിരിപ്പുകളെല്ലാം എടുത്തു് അവർ പാവപ്പെട്ടവക്കു കൊടുത്തു. "പാവങ്ങൾ കുളിരുകൊണ്ടു് വിറക്കുമ്പോൾ നമ്മുടെ മേശകൾ പുതക്കേണ്ട" എന്നത്രെ അവൾ പറഞ്ഞിരുന്നതു്. മററുള്ളവരോടു വളരെ ദയ കാണിച്ചിരുന്ന ആ സ്ത്രീ തന്നോടുതന്നെ വളരെ കക്കശമായിട്ടാണ് പെരുമാറിയിരുന്നതു്. അമ്മയുടെ മേലങ്കി പൂർവ്വവർണ്ണം നിർണ്ണയിക്കാൻ പാടില്ലാത്തവണ്ണം പഴകി മുഷിഞ്ഞു പോയതിനാൽ പുത്തനായിട്ടൊന്നു വാങ്ങിക്കുന്നതിനു മകൻ കൊടുത്ത പണം അനാഥശാലവക ഒരു കുടിശ്ശിഖ തീക്കുന്നതിനു വിനിയോഗിക്കയാണ് മാർഗ്രററു ചെയ്തതു്. ഇങ്ങനെയുള്ള സ്വയനിഗ്രഹങ്ങൾ പലതും അവർ ചെയ്തുവന്നു. പത്തുകൊല്ലത്തോളം നിരന്തരമായ ധീരതയോടും സ്ഥിരതയോടും കൂടി ആ തരുണീരത്നം സ്വപുത്രൻെറ വലംകയ്യായിനിന്നു ദുർഭഗലോകത്തെ സുഭഗമാക്കി. അക്കാലമെല്ലാം ഒരു കുടിലുകൊണ്ടാണ് ആ അമ്മയും മകനും കഴിച്ചതു്.

൧൮൫൬-ൽ പലരുടെ ഔദാര്യവും ഡോൺബോസ്കോയുടെ അക്ഷീണശ്രമവും കൊണ്ടു വിശാലമായ ഒരനാഥമന്ദിരവും വിദ്യാലയവും പണിതീരുന്നതിനിടയായി. പുതിയ കെട്ടിടത്തിലേക്കു താമസം മാറുന്നതിനു അയാൾ അമ്മയോടപേക്ഷിച്ചു. "ഞാൻ ദരിദ്രയാണ്. ആ കൊട്ടാരമൊന്നും എനിക്കു ചേരുകയില്ല" എന്നായിരുന്നു അമ്മയുടെ പറുപടി. കുടിലിൽതന്നെ അവൾ കഴിച്ചുകൂട്ടി. ഏറെ താമസിയാതെ ആ വൃദ്ധ രോഗബാധിതയായി മരണാസന്നയായി. സ്വപുത്രൻെറ കരങ്ങളിൽ നിന്നു ആ സാധ്വി അന്ത്യകൂദാശകൾ കൈക്കൊണ്ടു. ഓമനമകൻെറ കൈകളിൽനിന്നു ആ ദിവ്യദാനങ്ങൾ കൈക്കൊള്ളുന്നതു വളരെ മധുരമാണ് എന്നവർ ആനന്ദബാഷ്പങ്ങൾ പൊഴിച്ചുകൊണ്ടു പറയുകയുണ്ടായി. കുറെ ദിവസങ്ങൾക്കുശേഷം തൻെറ വേലയുടെ ഫലമായ വാടാമുടി കൈക്കൊള്ളുന്നതിനായി ആ മഹ

തി ലോകത്തോടു യാത്രപറഞ്ഞു. സ്വപുത്രന്റെ കീർത്തിഛായയിൽ ഈ മാതാവിന്റെ ഖ്യാതിയും വളന്നു വരുന്നതു അത്ഭുതമല്ലല്ലൊ.

# ദിവ്യകാരുണ്യ രക്തസാക്ഷി.

ഫ്റാൻസു രാജ്യത്തിന്റെ തെക്കു ഭാഗത്തായിബെയറൻഎന്ന സ്ഥലത്തു് ഓർന്നെസ് എന്നൊരു ചെറിയ പട്ടണം സ്ഥിതിചെയ്തിരുന്നു. പ്രസ്തുത പട്ടണത്തിനു പുറത്തായി ലൌകിക കലഹങ്ങളിൽനിന്നും ബഹളങ്ങളിൽനിന്നും അകന്നു് ദൈവത്തിനുവേണ്ടിമാത്രം ശേഷിച്ച ജീവിതാംശത്തെ ചെലവിടുന്നതിനായി ലോകത്തോടും അതിന്റെ സുഖസന്തോഷങ്ങളോടും അന്തിമയാത്രയും ചൊല്ലി താപസജീവിതം നയിച്ചിരുന്ന ഒരുക്കൂട്ടം ആളുകൾ ഉണ്ടായിരുന്നു. ഇവർ തങ്ങളുടെ പിതാവായ "വി. പ്രംസീസ്സോസിന്റെ വാത്സല്യമക്കൾ" എന്നാണു വിളിക്കപ്പെട്ടിരുന്നതു്. ഇവരുടെ ആശ്രമത്തിന്റെ പുറഭിത്തികളെ തൊട്ടെന്നതുപോലെയാണു മനോഹരമായ 'ഗ്രേവു'നദി ഒഴുകുന്നതു്. താഴെപ്പറയുന്ന അത്ഭുതസംഭവം നടന്നകാലം ക്രൂരന്മാരും വിഷയാലമ്പടന്മാരുമായ കാൽവിൻ പ്രഭൃതികളുടെ കൈകൾ ഉയർന്നിരുന്ന ഘട്ടമായിരുന്നു.

ഒരുദിവസം രാത്രി ഏകദേശം മണി എട്ടായി. നമ്മുടെ സന്യാസികൾ ദൈവസ്തോത്രം പാടുന്നതിനായി ഒരുമിച്ചു പ്രാർത്ഥനാലയത്തിൽ കൂടി. സർവ്വത്ര മൌനം പ്രബലപ്പെട്ടിരുന്നു. അപ്പോൾ ഇതാ ആശ്രമത്തിന്റെ പുറത്തു് ഒരു ബഹളം. ആയുധ ധ്വനികളും അട്ടഹാസങ്ങളും, 'പാപ്പാമതക്കാരെ ഒന്നൊഴിയാതെ വാളിനിരയാക്കുവിൻ' എന്ന അലർച്ചകളും ആകാശത്തേക്കു മുഴങ്ങിത്തുടങ്ങി ഹാ! എന്തിനധികം. ആയുധപാണികളായ കാൽവിൻ സിൽബന്ധികൾ ആശ്രമത്തിനകത്തു് കടന്നു കഴിഞ്ഞു. പാത്രങ്ങൾ ഉടക്കുന്നു. കണ്ടുമുട്ടുന്ന സാധനങ്ങൾ എല്ലാം നശിപ്പിക്കുന്നു. എതിർപെടുന്നവരെ ഒററ 'പീശിനു' പരലോകത്തിലേക്കു യാത്ര അയക്കുന്നു. ക്ഷണനേരത്തിൽ പ്രാർത്ഥനാലയം ശോണിതസംപൂർണ്ണമായ ഒരു രണാങ്കണത്തിനു സമമായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഇതിനിടയിൽ ഇവരുടെ മേലാവെവിടെ? എന്നു് ഒരുവൻ ഭയങ്കരമായ ഇടിനാദം പോലെ അലറി. ഉടനേ എല്ലാവരുടെയും ദൃഷ്ടികൾ ആശ്രമത്തിലെ നിഗൂഢസ്ഥലങ്ങളിലേക്കു തിരിഞ്ഞു. വലിയ പെട്ടികൾ തുറക്കുന്നു. അലമാരികൾ വെട്ടിപ്പൊളിക്കുന്നു. വെളിച്ചം കിട്ടുവാൻ എന്നപോലെ ആശ്രമത്തിനു തീയും കൊളുത്തി. എന്തിനു അവിടെയെങ്ങും അദ്ദേഹത്തെ കാണുന്നില്ല. അപ്പോൾ വേറൊരു കൂട്ടർ 'അദ്ദേഹം ദേവാലയത്തിൽ നിശ്ചയമായും കാണും' എന്നു നിലവിളിച്ചു് അവിടേക്കു തിരിച്ചു. അപ്പോൾ ഇതാ വന്ദ്യനായ ഒരു കിഴവൻ, മാറോടു കൈകൾകൂട്ടി ഭദ്രമായി ഏതോ ഒരു നിക്ഷേപം കൊണ്ടുപോകുന്നതുപോലെ ഇരുട്ടു മറപിടിച്ചു നിശ്ശബ്ദമായി നടകൊള്ളുന്നു. ഉടൻ ആട്ടിൻകുട്ടിയെ കണ്ട വ്യാഘ്രങ്ങൾ എന്നപോലെ യമകിങ്കരന്മാരായ ആ പരമദുഷ്ടർ സന്യാസിയെ വളഞ്ഞു. 'ഒരു വെടിക്കു രണ്ടുപക്ഷി'യെ നേടിയതുകൊണ്ടു്, അവരുടെ ദുഷ്ടഹൃദയം പൈശാചികാനന്ദത്താൽ ഒന്നു കുതിച്ചുചാടി. വിശുദ്ധ കുർബാനയെ അനാചാരപ്പെടുത്താമല്ലൊ എന്നതായിരുന്നു അവരുടെ പ്രധാന മനോഗതി.

അവർഅടുത്തുസന്യാസിയുടെകയ്യിൽ ഇരുന്നിരുന്നതിരുപ്പാത്രത്തെ കൈവ

ശപ്പെടുത്തുന്നതിനു യത്നിച്ചുതുടങ്ങി. സന്ന്യാസിയും 'ശുദ്ധവസ്തുക്കളെ നായ്ക്കൾക്ക്' കൊടുക്കരുതെന്നു കരുതി സ്വന്ത ശക്തി മുഴുവനും പ്രയോഗിച്ചു. ഒരു ദൈവികശക്തി അയാളിൽ പ്രവഹിക്കുകയും തൻമൂലം ഒരു വീരയോദ്ധാവിനെപ്പോലെ അദ്ദേഹം പോരാടുകയും ചെയ്തു. ആ ദുഷ്ടർ ഓരോരുത്തരായി പ്രയത്നിച്ചു. ഒടുവിൽഎല്ലാവരുംകൂടെഒന്നിച്ചുകഴിയുന്നതുപണിപ്പെട്ടു. എന്നിട്ടും അദ്ദേഹത്തിന്റെ നെഞ്ചിൽ കൂട്ടിയിരുന്ന കൈകളെ വിടുത്തുന്നതിനോ തിരുപ്പാത്രത്തെ കൈവശപ്പെടുത്തുന്നതിനോ സാദ്ധ്യമല്ല എന്നുകണ്ടു പിൻമാറിയ ക്ഷണത്തിൽ ഒരു പരമദുഷ്ടൻ അടുത്തുവന്നു വാൾ ഊരി സന്ന്യാസിയുടെ ഗളച്ഛേദനം ചെയ്കയാണുണ്ടായതു്. ഉടൻതന്നെസ്വന്തരക്തത്താൽ സ്വന്ത ആത്മാവിനെ കഴുകി സ്രഷ്ടാവിന്റെ, അതേ, തന്റെ മാറിടത്തിൽ മുറുക്കിപ്പിടിച്ചിരുന്ന ആ ദൈവസുതന്റെ, തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ടു് നിലംപതിക്കുകയുംചെയ്തു. ആ ദുഷ്ടജനം പ്രസ്തുത മൃതശരീരത്തെ പലവിധമായി അവമാനിച്ചതിന്റെശേഷം കൈകളിൽ അടക്കി സൂക്ഷിച്ചിരുന്ന തിരുപ്പാത്രത്തോടുകൂടെ അടുത്തുള്ള നദിയിലേക്കു എറിഞ്ഞുകളഞ്ഞു. ശരീരം ജലത്തിൽ വീണ ഉടൻ താണുപോയി. എങ്കിലും ഒരു ദൈവികശക്തിയാൽ പൊങ്ങിവന്നു ജലത്തിനു മുകളിൽ കരയിലെന്നപോലെ കിടന്നു. എന്നാൽ ഓ! അത്ഭുതമേ! അദ്ദേഹത്തിന്റെ കൈകൾ ഇപ്പോഴും ആ തിരുപ്പാത്രത്തെ അശ്ലേഷിച്ചിരുന്നു. ഇപ്രകാരം തന്റെ സ്രഷ്ടാവിനെ മാറത്തു ധരിച്ചുകൊണ്ടു് മന്ദംമന്ദം ജലത്തിനു മീതേകൂടെ ഒഴുകി താഴോട്ടു ഗമിച്ചു. ആ ദുഷ്ടർ ഈ അത്ഭുതം കാണുകയിൽ ഭയപ്പെട്ടു സ്ഥലംവിട്ടോടിക്കളഞ്ഞു.

പ്രസ്തുത സംഭവം കാണുന്നതിനായി ആററിന്റെ ഇരുകരകളും ജനാവലിയാൽ നിറയപ്പെട്ടുകഴിഞ്ഞു. അവർ വി. കുർബാനയെ എടുക്കയാകട്ടെ മൃതശരീരത്തെ തൊടുകയാകട്ടെ ചെയ്യുന്നതിനു ധൈര്യമുള്ളവരായി കാണപ്പെട്ടില്ല, പിന്നെയോ അതിനെ പിൻതുടന്നു ദൈവസ്തോത്രങ്ങൾ പാടിക്കൊണ്ടു പോയിരുന്നു. ഇപ്രകാരം അവർ 'ബൈനോൻ' എന്ന പട്ടണത്തിലെത്തി. അവിടെ മറുകരയിൽ വി. ഫ്രാൻസീസ്സ്ലോസിന്റെ സഭക്കാരുടെ ഒരു ദേവാലയം ഉണ്ടായിരുന്നു. പ്രസ്തുത ദേവാലയത്തോടു അടുത്തുവന്നപ്പോൾ മൃതശരീരം യാത്രയുടെ ഗതിമാററി മറുകരയ്ക്കു പിടിച്ചു് അശ്രമവാതുക്കൽ എത്തി അവിടെ നിലയുറപ്പിച്ചു. ജനബഹുലതയാൽ ആശ്രമവും പരിസരങ്ങളും നിറഞ്ഞുകഴിഞ്ഞു. എല്ലാവരും "പരി. കുർബാനയ്ക്കു് എന്നേരവും സ്തുതിയും ബഹുമാനവും ഉന്നതിയുമുണ്ടായിരിക്കട്ടെ" എന്നു ഏകസ്വരത്തിൽ പാടിയിരുന്നു. പട്ടണത്തിലെ മെത്രാൻ വിവരമറിഞ്ഞു സ്ഥലത്തെത്തി. പട്ടണത്തിലെ ദേവാലയമണികൾ കൂട്ടംകൂട്ടമായി മുഴങ്ങിത്തുടങ്ങി. സകലജനങ്ങളും പ്രദക്ഷിണത്തിനായി നിരന്നുകഴിഞ്ഞു. വൈദികവസ്ത്രങ്ങൾ ധരിച്ചിരുന്ന മെത്രാനും ഒരു വമ്പിച്ച വൈദികഗണവും കൂടി പ്രസ്തുത ശരീരത്തെ ജലത്തിൽനിന്നെടുത്തു് മനോഹരമായ ഒരു പീഠത്തിൽ സ്ഥാപിച്ചു. ഉടനെ മെത്രാൻ മൃതശരീരത്തിന്റെ കയ്യിൽനിന്നും തിരുപ്പാത്രത്തെ— അതേ അനേകർ പണിപ്പെട്ടിട്ടും എടുക്കുവാൻ സാധിക്കാതിരുന്ന ആ തിരുപ്പാത്രത്തെ അനായാസേന സ്വീകരിച്ചുകൊണ്ടു് കത്തീഡ്രലിലേക്കു ഘോഷയാത്രയായിപ്പോവുകയുംചെയ്തു. പ്രസ്തുത തിരുപ്പാത്രം ഈ മഹനീയ സംഭവത്തിന്റെ നിത്യസ്മാരകമായി ഇന്നും ബൈനോനിലെ കത്തീഡ്രൽദേവാലയത്തിൽ സൂക്ഷിച്ചുപോരുന്നു. ഇതിന്റെശേഷം മൃതശരീരത്തെ ഒരു വിശുദ്ധന്റെ മുറയ്ക്കുള്ള ചടങ്ങുകളോടുകൂടെ അവിടെത്തന്നെ ഭൂദാനം ചെയ്കയുംചെയ്തു. പിൻകാലങ്ങളിൽ പ്രസ്തുത സ്ഥലം അത്ഭുതങ്ങളുടെ ഒരു കേന്ദ്രസ്ഥാനമായിത്തീന്നു എന്നു പറയേണ്ടതില്ലല്ലോ. വിശുദ്ധ കുർബാനയിൽ മ്ശിഹായുടെ സാക്ഷാൽ സാന്നിദ്ധ്യം ഇല്ലെന്നു വാദിക്കുന്ന അക

ത്തോലിക്കാ സഹോദരങ്ങൾ ഈ സംഭവത്തെ എങ്ങിനെ നീതീകരിക്കുമോ ആൎക്കറിയാം. "പരിശുദ്ധ പരമ ദിവ്യ കാരുണ്യത്തിനു എന്നേരവും സ്തുതിയും ബഹുമാനവും ഉന്നതിയും ഉണ്ടായിരിക്കട്ടെ."

# ചെറുപുഷ്പസഹോദരികൾ.

## അമേരിക്കനായ ഫാദർ ഡോളൻെറ സന്ദൎശനവിവരങ്ങൾ.

IV.

(റവ. ഫാദർ എജിദിയോസ് സി. ഡി.)

കഴിഞ്ഞ തവണ ചെറുപുഷ്പ സഹോദരിയായ പൗലിനുമായുള്ള ആദ്യ സന്ദൎശനമാണല്ലോ പറഞ്ഞുകേൾപ്പിച്ചതു്. ഇന്നു രണ്ടാമത്തേ സന്ദൎശനത്തേപ്പററി പ്രസ്താവിക്കാം. ചെറുപുഷ്പത്തിൻെറ മററു രണ്ടു സഹോദരികളായ മരിയായേയും സെലിനേയും കണ്ടു സംസാരിക്കണമെന്നുള്ള അതിയായ ആഗ്രഹത്താലാണ് രണ്ടാമത്തെ സന്ദൎശനത്തിനു ഞാൻ ആവശ്യപ്പെട്ടതു്. ഇതു് വളരെ വിഷമമുള്ള ഒരു സംഗതി ആയിരുന്നതിനാൽ ഒരുപായം പ്രയോഗിക്കുന്നതിനു തീർച്ചപ്പെടുത്തി. പൗലിനുമായുള്ള ആദ്യസന്ദൎശനത്തിനു ശേഷം 10 ദിവസം ഞാൻ ലിസിയിൽ താമസിച്ചു. അതിനിടയ്ക്കു് സ്വാധീനശക്തിയുള്ള മൂന്നു സ്നേഹിതന്മാരെ വളരെ പണിപ്പെട്ടു ഞാൻ സമ്പാദിച്ചു. ഒന്നാമത്തെ ആൾ ആ മഠത്തിലെ കപ്ലോൻ അച്ചൻ തന്നെ. രണ്ടാമത്തെയാൾ ചെറുപുഷ്പത്തിൻെറ കവറിടം സൂക്ഷിപ്പുകാരനായ കീർത്തിപെട്ട പീയറെ (Pierre) അച്ചനാണ്. ഇദ്ദേഹം, അസാദ്ധ്യമെന്നു ഭിഷഗ്വരന്മാരാൽ ഏകകണ്ഠമായി അഭിപ്രായപ്പെട്ട ഒരു മഹാ വ്യാധിയിൽ നിന്നു ചെറുപുഷ്പസഹായത്താൽ സുഖപ്പെടുകയും അന്നു മുതൽ ചെറുപുഷ്പത്തിൻെറ കവറിടം സൂക്ഷിപ്പുകാരൻ എന്ന മഹനീയജോലി കയ്യേൽക്കുകയും ചെയ്തു. ചെറുപുഷ്പസഹോദരികളോടു ഇത അടുത്തതായി വേറെ ആരുംതന്നെയില്ല. ഇദ്ദേഹമാണു അവരുടെ സകല ആവശ്യങ്ങളേയും നടത്തിപ്പോന്നിരുന്നതു്. കവറിടത്തിൻെറയും കപ്പേളയുടെയും സംരക്ഷകൻ ഇദ്ദേഹം ആയിരുന്നതുകൊണ്ടു് അതിന്മേലുള്ള പൂൎണ്ണ അധികാരവും ഇദ്ദേഹത്തിനുണ്ടായിരുന്നു. മൂന്നാമത്തെ ആൾ ചെറുപുഷ്പത്തിൻെറ വീടു സൂക്ഷിപ്പുകാരത്തിയായ വിയലേത്തേ എന്ന മഹതിയാണു്. ഇവൾ ചെറുപുഷ്പത്തിൻെറ സൂക്ഷത്തിൻകീഴ ഏല്പിക്കപ്പെട്ടിരുന്ന പുതുസന്യാസികളിൽ ഒരാളും ഇപ്പോൾ ജീവിച്ചിരിക്കുന്നവളുമായ ത്രീത്വത്തിൻെറ മേരി എന്ന കന്യകയുടെ സഹോദരിയായിരുന്നു. ഇവരേക്കാൾ സ്വാധീനശക്തിയുള്ളവരായി വേറേ ആരേയും അന്നു ലിസിയിൽ കിട്ടുവാൻ പ്രയാസമായിരുന്നു. ഇവരെയാണു് പൗലിൻെറ പക്കൽ എൻെറ ആഗ്രഹനിവൃത്തിക്കുവേണ്ടി ശുപാൎശ ചെയ്യാൻ ഞാൻ തിരഞ്ഞെടുത്തതു്.

ഏകദേശം ൰ ദിവസങ്ങൾക്കു ശേഷം ഞാൻ പൗലിനു് ഒരെഴുത്തെഴുതി. അതിൽ എനിക്കു സാധിക്കുവാനുള്ള മൂന്നു കാൎയ്യങ്ങൾ വിവരമായി കാണിച്ചിട്ടുണ്ടായിരുന്നു. ഒന്നാമത്തേതു ഇവിടത്തെ നമ്മുടെ ചെറുപുഷ്പകപ്പേളയ്ക്കു്, ചെറുപുഷ്പത്തിൻെറ അതിവിശേഷമായതും എന്നാൽ അസാധാരണമായതുമായ ഒരു തിരുശേഷിപ്പു, അതായതു്

അവളുടെ മാംസത്തിന്റെ ഒരു ഭാഗം തന്നെയാകണമെന്നതായിരുന്നു (*) ഇപ്രകാരമുള്ള മൂന്നു തിരുശേഷിപ്പുകൾ ഉണ്ടു്. അതു മൂന്നും ഇപ്പോഴും ലിസിയിൽ ഇരിപ്പുണ്ടു്. അവയിൽ ഒന്നു ഈ കപ്പേളയ്ക്കു പ്രദാനം ചെയ്തു ഇവിടേയും ചെറുപുഷ്പഭക്തി അത്യധികം പ്രചരിപ്പിക്കുന്നതിനു പാടില്ലയോ എന്നുകൂടി ആ എഴുത്തിൽ ഞാൻ പ്രസ്താവിച്ചിരുന്നു. രണ്ടാമത്തേതു് ചെറുപുഷ്പസഹോദരിയായ സെലിൻ വരച്ച ചെറുപുഷ്പത്തിന്റെ പടം ചിക്കാഗോ ദിവ്യകാരുണ്യമഹായോഗത്തിൽ കാണിക്കുന്നതിനായി വായ്പ്പു കൊടുക്കുന്നതിനും, മൂന്നാമത്തേതു് മരിയയും സെലിനും വാതിൽമുറിയിൽ വന്നു എന്നോടു സംസാരിക്കുന്നതിനു അനുവാദം കൊടുക്കുന്നതിനും ആയിരുന്നു. ഈ അപേക്ഷകൾ വലിയതു് തന്നെ എന്നു എനിക്കറിയാമെന്നും എന്നാൽ എന്റെ സ്വാൎത്ഥലാഭത്തേ മുൻനിൎത്തിയല്ല പിന്നെയോ ആ തിരുശേഷിപ്പുകൊണ്ടും പടംകൊണ്ടും ചെറുപുഷ്പസഹോദരികളുമായുള്ള സംസാരവിവരംകൊണ്ടും ചെറുപുഷ്പഭക്തി പൂൎവ്വാധികം വൎദ്ധിപ്പിക്കാമല്ലോ എന്നു കരുതിയാണു് ഇപ്രകാരമുള്ള ഈ പ്രവൃത്തിക്കു് ഞാൻ ധൈൎയ്യപ്പെട്ടതു് എന്നും അതിൽ ഞാൻ പ്രത്യേകം എടുത്തു കാണിച്ചിരുന്നു. 'ഇപ്രകാരമുള്ള ഈ മൂന്നപേക്ഷകളും സാധിച്ചുതരുന്നതിനു പൗലിന്റെ മനസ്സിനെ ചായിക്കണം' എന്നു എന്റെ പൂജയുടെ സമയത്തു് ചെറുപുഷ്പത്തോടു തീക്ഷ്ണതയോടേ അപേക്ഷയും കഴിച്ചു. അതിന്റെ ശേഷം എഴുത്തു പൗലിനു അയക്കുന്നതിനു മുമ്പ് എന്റെ മദ്ധ്യസ്ഥരേ മൂന്നുപേരേയും വിവരങ്ങൾ വേണ്ടതുപോലെ ധരിപ്പിച്ചു മഠത്തിലേക്കു വിട്ടു. അവർ എല്ലാവരും മണിമുറിയിൽ വന്നു ആഞ്ഞസമ്മയെ കണ്ടു് വിവരം അറിയിച്ചു. അപ്പോൾ ഞാനും അവിടെ എത്തി. ഉടൻ ഞാൻ ഫാദർ പിയറെയോടു്– 'ഈ എഴുത്തു ദയവായി ആഞ്ഞസമ്മക്കു് ഉടൻ കൊടുക്കണം' എന്നു പറഞ്ഞു എഴുത്തുകൊടുത്തു. അദ്ദേഹം സസന്തോഷം അതു വാങ്ങിച്ചു. ഇതിന്റെ അവസാനം കാണുന്നതിനു എന്നെപ്പോലെ അദ്ദേഹവും ജിജ്ഞാസയുള്ളവനായി കാണപ്പെട്ടു. എഴുത്തു ഏകദേശം ൧൦ മണിയോടുകൂടെ ആഞ്ഞസമ്മയുടെ കയ്യിൽ ചെന്നുചേൎന്നു. ഞാൻ ഉടൻതന്നെ മഠത്തോടുചേൎന്നുണ്ടായിരുന്ന ഒരു ബംഗ്ലാവിന്റെ ജനൽവാതിൽ അഭയം പ്രാപിച്ചു, മഠത്തിലേക്കു നോക്കി ഇരിപ്പായി. കുറേ അധികനേരം കഴിഞ്ഞപ്പോൾ വാതിൽക്കാരിസഹോദരി- അച്ചൻ ഒരു മണിക്കു് വാതിൽമുറിയിൽ ആഞ്ഞസമ്മയുമായി സംസാരിക്കുവാൻ വരണം എന്നു മദർ പറഞ്ഞയച്ചിരിക്കുന്നു എന്നറിയിച്ചു. എനിക്കു് ഫ്റഞ്ചു നല്ല പരിചയമില്ലാതിരുന്നെങ്കിലും ഉടനടി 'ഞാൻ നിശ്ചയമായിട്ടും' എന്നു മറുപടി കൊടുത്തശേഷം അവളുടെകൂടെ നടന്നുതുടങ്ങി. അപ്പോൾ അവൾ– 'അച്ചൻ ഇപ്പോൾ വരണ്ട. ഇനിയും അര മണിക്കൂർകൂടെ കഴിഞ്ഞിട്ടു വന്നാൽ മതി.' ഞാൻ– സിസ്റ്റർ! എന്റെ അപേക്ഷകൾ പൗലിനിൽ നിന്നും സാധിച്ചുകിട്ടുവാൻ വേണ്ടി ചെറുപുഷ്പത്തോടു മാദ്ധ്യസ്ഥം അപേക്ഷിക്കുന്നതിന്നു ഞാൻ പോകയാണു്. ഈ വിവരം ആഞ്ഞസമ്മയോടും പറഞ്ഞേക്കണം' എന്നു പറഞ്ഞു് ഞാൻ ചെറുപുഷ്പകവറിടത്തുങ്കലോട്ടും സഹോദരി മഠത്തിലേക്കും പോയി.

പറഞ്ഞിരുന്നതുപോലെ കൃത്യം അര മണിക്കൂർ കഴിഞ്ഞപ്പോൾ ഞാൻ വാതിൽമുറിയിൽ ചെന്നു മണി അടിച്ചു. വേഗം വാതിൽമുറി എനിക്കായി തുറക്കപ്പെട്ടു. തൽക്ഷണം അഴിച്ചുവരിന്റെ അകത്തുള്ള വാതിൽ തുറക്കുന്ന സ്വരം എന്റെ ചെവിയിൽ പെട്ടു. 'Deo gratias' എന്നു പൗലിന്റെ മധുരസ്വരമാണു് അവിടത്തേ നിശബ്ദത

(*) ചെറുപുഷ്പം പ്രവചിച്ചിരുന്നതുപോലെ അവളുടെ ശരീരം അഴുകി മണ്ണോടു ചേൎന്നുപോയി എങ്കിലും അവളുടെ കവറിടം തുറന്നു പരിശോധിച്ചപ്പോൾ അവൾ ധരിച്ചിരുന്ന വസ്ത്രത്തിന്മേൽ കുറെ മാംസം പററിപ്പിടിച്ചിരിക്കുന്നതായിക്കണ്ടു. ഈ തിരുശേഷിപ്പിൽ ഒരു ഭാഗമാണു് അദ്ദേഹം ആവശ്യപ്പെട്ടതു്.

യേ ഭഞ്ജിച്ചതു്. ഉടനെ പ്രത്യുത്തരമെന്നപോലെ ഞാനും അതുതന്നെ പേർത്തുപറഞ്ഞു. അതിന്റെ ശേഷം പൗളിൻ– "അച്ചന്റെ എഴുത്തു കിട്ടി. ഇതാ തിരുശ്ശേഷിപ്പ്" എന്നു പറഞ്ഞു അഴിച്ചുവരിൽ ബന്ധിച്ചിരുന്ന ഒരു ചുറ്റുന്ന ചക്രം തിരിച്ചു. അപ്പോൾ ഇതാ അതിന്റെ പുറത്തു ഒരു കമനീയമായ പെട്ടിക്കകത്തു്, ചെറുപുഷ്പത്തിന്റെ തിരുശ്ശേഷിപ്പ്– അതേ കിട്ടുന്നതിനു ഒരു ശരണംപോലും ഇല്ലാതിരുന്ന ആ തിരുശ്ശേഷിപ്പ്– ചെറുപുഷ്പത്തിന്റെ ശരീരത്തിന്റെ ഒരു ഭാഗം– തന്നെയൊ? അതിന്റെ കൂടെ വേറൊരു തിരുശ്ശേഷിപ്പ്– ചെറുപുഷ്പത്തിന്റെ പല തലമുടിച്ചുരുളുകൾ–; ഇവയെല്ലാം പൗളിന്റെ സ്വന്ത കൈകൊണ്ടുതന്നെ ഉണ്ടാക്കിയ ഒരു മനോഹര പെട്ടിക്കകത്തു അടക്കംചെയ്തിരുന്നു. പൗളിൻ എന്റെ എഴുത്തു തെറ്റിധരിച്ചതായി എനിക്കു തോന്നിയതിനാൽ ഞാൻ– മദർ! ഇവിടെ രണ്ടു തിരുശ്ശേഷിപ്പുകൾ ഉണ്ടല്ലോ എന്നു പറഞ്ഞു. പൗളിൻ– "അച്ചന്റെ എഴുത്തിൽ 'എനിക്കുവേണ്ടിയല്ലോ കപ്പേളക്കുവേണ്ടിയാണ് ഞാൻ ചോദിക്കുന്നതു' എന്നു അച്ചൻ എഴുതിയിരുന്നതുകൊണ്ടു ആദ്യത്തേ തിരുശ്ശേഷിപ്പു കപ്പേളക്കും രണ്ടാമത്തേതായ തലമുടിച്ചുരുളുകൾ അച്ചനു വേണ്ടിയും തന്നിരിക്കുന്നു" എന്നു പ്രത്യുത്തരിച്ചു. സ്നേഹിതരേ! പൗളിനു ഉപകാരസ്മരണ ചെയ്യുന്നതു് എങ്ങിനെയെന്നു അറിയാതെ ഞാൻ വളരെ കുഴങ്ങി. അതു് അവൾക്ക് മനസ്സിലായെന്നു തോന്നുന്നു. വീണ്ടും കുറെ കഴിഞ്ഞശേഷം "ഈ തിരുശ്ശേഷിപ്പു ഞാൻ സ്വന്തമാക്കുന്നില്ല. അതു ചെറുപുഷ്പത്തിന്റെ മറ്റു തിരുശേഷിപ്പുകളുടെ കൂട്ടത്തിൽ ഞാൻ വെച്ചേക്കും" എന്നു പറഞ്ഞു. അതിന്റെ ശേഷം രണ്ടാമത്തെ എന്റെ അപേക്ഷയെ അവൾ സസന്തോഷം സ്വീകരിച്ചു. ആ മനോഹരപടം എന്നെ ഏല്പിച്ചു. മൂന്നാമത്തെ അപേക്ഷയേക്കുറിച്ചു ഒന്നുംതന്നെ പറയാതെ സന്ദർശനം അവസാനിപ്പിക്കുവാനുള്ള ഒരുക്കമായി. ഒന്നോർപ്പിച്ചാൽ എന്താ; കൊള്ളുകയില്ലേ? പക്ഷേ എന്തിനു? ഞാൻ എഴുത്തിൽ കാണിച്ചിട്ടുണ്ടായിരുന്നില്ലേ? എന്നീ വിചാരങ്ങൾ എന്റെ ഉള്ളിൽ പൊങ്ങി വന്നു. എങ്കിലും അവസാനമായി പറയാതെ ഗത്യന്തരമില്ലെന്നു കരുതി ഞാൻ– 'മദർ! മൂന്നാമത്തേ അപേക്ഷയെപ്പറ്റി ഒന്നും തന്നെ പറഞ്ഞില്ലല്ലോ?

പൌളിൻ– മരിയായും സെലിനുമായി സംസാരിക്കുന്ന കാര്യമല്ലേ;

ഞാൻ - അതേ.

പൗളിൻ– അതിനു ഇപ്പോൾ ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നതു്. അച്ചൻ ആഗ്രഹിച്ചതിലും അധികമായി കാര്യം സാധിച്ചുകഴിഞ്ഞല്ലോ.

ഞാൻ– ഞാൻ കൃതഘ്നനായിരിക്കുന്നു എന്നു മദർ അറിയണമെന്നെനിക്കാഗ്രഹമില്ല. എന്നാൽ മരിയായേയും സെലിനേയും കണ്ടു നവമായി അറിവുകൾ സമ്പാദിക്കാമെന്നു കരുതി അമേരിക്കയിൽ നിന്നും പുറപ്പെട്ടിരിക്കുകയിൽ അവരെ കണ്ടു സംസാരിക്കാതെ മടങ്ങുവാൻ എനിക്ക് സാധിക്കുകയില്ല." പൗളിൻ– "അവരുടെ സംഗതിവിവരങ്ങൾ ഞാൻ പറഞ്ഞുതരാമല്ലോ, കൂടാതെ അവർ ജോലിത്തിരക്കിൽ ഇരിക്കുകയാണ്. അവർ അത്യാവശ്യകാര്യങ്ങൾക്കായിട്ടല്ലാതെ വാതിൽമുറിയിൽ വരിക പതിവില്ല." ഞാൻ– "ഇതൊരത്യാവശ്യകാര്യമല്ലേ? അവരെ കാണുവാൻ തന്നെ ഇത്ര വലിയ ദീർഘയാത്രയും കഴിച്ചു ഇവിടെ വന്നിരിക്കുന്നതു് ഒരു വലിയ കാര്യമല്ലേ. അവർ സ്വല്പ സമയത്തേക്കു് വാതിൽമുറിയിൽ വരുന്നതുകൊണ്ടു് അവരുടെ വേലയ്ക്കു് തടസ്സമോ ഏകാന്തത്തിനു ഭംഗമോ ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. ചെറുപുഷ്പത്തിന്റെ നാമത്തിൽ ചെയ്യു ഈ മൂന്നാമത്തെ അപേക്ഷ മദർ ഉപേക്ഷിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഇപ്പോൾ അവർക്കു് സമയമോ സൌകര്യമോ ഇല്ലാത്തപക്ഷം നാളെ ഉച്ചകഴിഞ്ഞോ സ്വല്പം കഴിഞ്ഞിട്ടോ ആയാലും മതി." പൗളിൻ– "അച്ചൻ ലിസിവിട്ടു എപ്പോഴാണു പോകുന്നതു്?" ഞാൻ– അതു മദറിന്റെ കയ്യിൽ ഇരിക്കുന്നു. മരിയായോടും സെലിനോടും

സംസാരിക്കാതെ ഞാൻ ലിസി വിടുകയില്ല" പൗളിൻ– (ചിരിച്ചുകൊണ്ട്) 'ഞാൻ അത് നിഷേധിക്കുകയാണെങ്കിലോ' ഞാൻ 'മദർ ഇപ്പോൾ നിഷേധിക്കുന്നപക്ഷം കുറെ ദിവസം കഴിയുമ്പോൾ വീണ്ടും ഞാൻ തിരിച്ചുവരും" പൗളിൻ– അന്നേരവും ഞാൻ നിഷേധിക്കുന്നതായാലോ? ഞാൻ– 'അതിനു ഞാൻ വഴി കണ്ടിട്ടുണ്ട്. ഈ രൂപതയുടെ മെത്രാനു ഇപ്രകാരമുള്ള അനുവാദം കൊടുക്കുന്നതിനു അധികാരമുണ്ട്. വരുന്ന വെള്ളിയാഴ്ച അദ്ദേഹത്തെ ചെന്നു സന്ദർശിക്കുന്നതിനു എനിക്കു അനുവാദവും ലഭ്യമായിരിക്കുന്നു. മദർ എന്റെ അപേക്ഷയെ നിരസിക്കുന്നപക്ഷം അദ്ദേഹത്തിന്റെ പക്കൽപോയി ഞാൻ നിശ്ചയമായി സംഗതികൾ ഉണർത്തിക്കും. എന്നാൽ അതിനു ഇടയാകുന്നതിനു മുമ്പ് മദർ എനിക്കു അനുമതി നൽകുമെന്നു പൂർണ്ണവിശ്വാസമുണ്ട്. പൌളിൻ–അച്ചൻ വളരെ മനോദാർഢ്യമുള്ള ആൾ തന്നെ. ഞാൻ– ചെറുപുഷ്പവും അപ്രകാരം തന്നെ ആയിരുന്നല്ലോ? ചെറുപുഷ്പത്തിന്റെ ദൈവവിളിയെക്കുറിച്ചു, പരസ്യമായ ഒരു സന്ദർശനത്തിൽ വെച്ചു പരി. പിതാവിനോടു സംഭാഷണം ചെയ്കയിൽ അവൾ വത്തിക്കാൻ അരമനയിലെ നിയമങ്ങൾ എല്ലാം ഭേദിച്ചില്ലേ. വേറൊരിക്കൽ മറിയയുമായി തെരുവിൽ കൂടി നടക്കുവാൻ പോകയിൽ വഴിയിൽ വച്ചു അവരുടെ മെത്രാനെ കാണുകയും അദ്ദേഹവുമായി അവിടെ വച്ചു അവളുടെ ആദ്യകുർബാന കൈക്കൊള്ളുപ്പാടിനെപ്പററി സംസാരിക്കുകയും ചെയ്തില്ലേ? മനോദാർഢ്യം ഒരു മോശമായ സംഗതി അല്ലല്ലോ. അപ്പോൾ അവൾ ചിരിച്ചുകൊണ്ട് "ഇപ്പോൾ സമയം എന്തായി." എന്നു ചോദിച്ചതിനു ഞാൻ രണ്ടു കഴിഞ്ഞു പത്തുവിനാഴികയായി എന്നു ഉത്തരിച്ചു. ഉടൻ പൗളിൻ–'അച്ചാ സ്വല്പം ക്ഷമിക്കണം എന്നു പറഞ്ഞു ധൃതിയിൽ അകത്തേക്കു പോയി. അധികം താമസിയാതെ അഴിച്ചുവട്ടിനകത്തുള്ള വാതിൽ തുറക്കപ്പെടുകയും "അച്ചാ ഇതാ മറിയായും സെലിനും" എന്നു പറഞ്ഞ് വീണ്ടും ആഗതയാകുകയും ചെയ്തു. ഇവരിരുവരുമായുള്ള സന്ദർശനവിവരം അടുത്ത തവണ പറഞ്ഞറിയിക്കാം.

(തുടരും.)

## ൧൯൨൯ മേടമാസത്തിലെ തിരുഹൃദയ സഭക്കാരുടെ

# പൊതുനിയോഗം.

### രോഗികളുടെ ശുശ്രൂഷ.

കത്തോലിക്കാസഭ തന്റെ മക്കളുടെ ആദ്ധ്യാത്മികവും ശാരീരികവുമായ നാനാതരത്തിലുള്ള ആവശ്യങ്ങൾക്കു വേണ്ടി പലവിധ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ജനിച്ചാലുടനെ ശിശുവിനെ ശുദ്ധീകരിക്കുന്നതിനുള്ള മാമ്മോദീസാ എന്ന കൂദാശമുതൽ മരണനേരത്തേക്കു വേണ്ടിയുള്ള അന്ത്യലേപനംവരെയും ഓരോ ഘട്ടത്തിലും സഹായത്തിനായി ഈ മാതാവു സദാ സന്നദ്ധയായിരിക്കുന്നു. രോഗികളെ ശുശ്രൂഷിക്കുന്നതിനും അവരെ ആശ്വസിപ്പിക്കുന്നതിനും, നന്മരണം പ്രാപിക്കുന്നതിനു അവരെ സഹായിക്കുന്നതിനും വേണ്ടിയുള്ള പല സഭകൾ തന്നെ സ്ഥാപിതങ്ങളായിട്ടുണ്ട്. ഉപവിയുടെ കന്യാസ്ത്രീകൾ എന്ന പേരിലും മററും അറിയപ്പെടുന്ന ഏതാദൃശസഭകൾ വഴിയായി രോഗികൾക്കു സിദ്ധിച്ചുവരുന്ന ആനുകൂല്യങ്ങൾ നമ്മുടെ നാട്ടിലും അനുഭവിച്ചറി

വാൻ ഇടയായിട്ടുള്ളതാണ്. സ്വന്തമാതാപിതാക്കന്മാരുടെ സംരക്ഷയെപ്പോലും ജയിക്കത്തക്ക സ്നേഹവാത്സല്യങ്ങളോടുകൂടെ ഈ സഹോദരികൾ ഏററം നികൃഷ്ട സ്ഥിതിയിൽ കിടക്കുന്ന രോഗികളെത്തന്നെയും ശുശ്രൂഷിക്കുന്ന കാര്യം ആരുടെ ഹൃദയത്തെയും ഇളക്കിക്കളക തന്നെ ചെയ്യും. സ്വന്തരക്തത്തെക്കൂടെയും രോഗികളുടെ സുഖപ്രാപ്തിക്കു വേണ്ടി ആവശ്യപ്പെട്ട അവസരങ്ങളിൽ നൽകുന്നതിനു മടിച്ചിട്ടില്ലാത്ത ധീരവതികളുടെ പേരുകൾ ഈ കൂട്ടത്തിൽ പ്രസ്താവിപ്പാനുണ്ട്. ഇപ്രകാരം പുരുഷന്മാരുടെയും സ്ത്രീകളുടെയും സഭകൾ രോഗശുശ്രൂഷയ്ക്കായി ലോകത്തിന്റെ വിവിധഭാഗങ്ങളിലും അത്ഭുതകരമായ ജോലികൾ ചെയ്യുന്നതായിക്കാണാം. രോഗശയ്യയിലുള്ള ഈവിധ സംരക്ഷണയുടെ ആവശ്യകതയെ സഭ നന്നായി ഗ്രഹിച്ചിട്ടുള്ളതിനാലാണ ഈ പ്രേഷിതജോലിയെ സർവ്വാത്മനാ പ്രോത്സാഹിപ്പിച്ചുവരുന്നത്. മുറിവുകളേററു സ്ലീവാമരത്തിന്മേൽ മരണം പ്രാപിച്ച ദുഃഖത്തിന്റെ മനുഷ്യനായ മിശിഹാ കർത്താവിനെത്തന്നെ ഈ രോഗികളിലും പീഡിതരിലും സാക്ഷാലുള്ള കത്തോലിക്കൻ കാണുന്നു. അവരെ പരിചരിക്കുന്നതു ദൈവപുത്രനെ പരിചരിക്കുന്നതു തന്നെയാണെന്ന് അവൻ വിശ്വസിക്കുന്നു. അവരെ ആശ്വസിപ്പിക്കുന്നതും, അന്ത്യകൂദാശകൾ യഥാകാലം സ്വീകരിക്കുന്നതിനു അവരെ സഹായിക്കുന്നതും, നന്മരണം പ്രാപിക്കുന്നതിനു അവരെ ഒരുക്കുന്നതും എല്ലാം ദൈവദൃഷ്ടികളിൽ മഹാ വിലയേറിയ പരോപകാരകൃത്യങ്ങളാണെന്നു അവൻ അറിയുന്നു. ഇപ്രകാരമുള്ള മനോഗുണപ്രവൃത്തികളിൽ കൂടുതൽ ശ്രദ്ധ പതിഞ്ഞുകാണ്മാൻ തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കണമെന്നാണ പരിശുദ്ധ പിതാവു ആഗ്രഹിക്കുന്നത്.



മേ മാസം:- "പാപികളുടെ സങ്കേതമായ മാതാവ്."

# ക: നാഥയുടെ കുഞ്ഞുമക്കൾക്ക്.

## I. വി. യോഹന്നാൻ ബർക്കുമാൻസ്.

### 4. ചില പ്രതിബന്ധങ്ങൾ.

പ്രി. കുഞ്ഞുങ്ങളെ,

പത്രോസ് എമേറിക്ക് അച്ചനോടൊന്നിച്ചു നമ്മുടെ യോഹന്നാൻ മൂന്നു കൊല്ലം താമസിച്ചു. അപ്പോൾ ഒരു വലിയ ബുദ്ധിമുട്ടു നേരിട്ടു. യോഹന്നാന്റെ അമ്മയ്ക്കു ഒരു വലിയ സുഖക്കേടു പിടിപെട്ടു കിടപ്പിലായി. കുടുംബഭാരമെല്ലാം വഹിച്ചുകൊണ്ടുപോകുന്നതിനു അപ്പനെക്കൊണ്ടു തന്നെ നടക്കാതെ വന്നു. അതിനാൽ മൂത്ത പുത്രനായ യോഹന്നാനെ പഠിപ്പിക്കാൻ സാധിക്കയില്ലെന്നു മാത്രമല്ല അവനും വല്ല ജോലിയിലും ഏർപ്പെട്ടു തന്നെ സഹായിക്കണമെന്നു അപ്പൻ സങ്കടം പറഞ്ഞുതുടങ്ങി. യോഹന്നാനു ഇതു് എത്ര സങ്കടമായിത്തീർന്നെന്നു പറവാൻ പ്രയാസം. ഭക്ഷണത്തിനു യാതൊന്നും തനിക്കു കിട്ടിയില്ലെങ്കിലും വേണ്ടില്ല, വൈദിക പ

ട്ടത്തിനുപഠിക്കാൻഅനുവദിച്ചാൽമാത്രം മതി എന്നു പുണ്യബാലൻ മാതാപിതാക്കന്മാരോടു കണ്ണുനീരോടുകൂടെഅപേക്ഷതുടങ്ങി. വീണ്ടും ദൈവം അതിനും ഒരു മാൎഗ്ഗമുണ്ടാക്കിക്കൊടുത്തെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. യോഹന്നാൻെറ ജന്മദേശമായ ഡീയസ്റ്റിൽ നിന്നു കുറെ അകലെയായി മലീൻസ് എന്ന നഗരത്തിലുള്ള ഒരു വികാരിയച്ചൻ നമ്മുടെ ബാലകനെ എടുത്തു പഠിപ്പിച്ചുകൊള്ളാമെന്നു സമ്മതിച്ചു. ഫ്റോമിമോണ്ടു് എന്ന ആ ദേഹത്തിൻെറ ഒരു വേലക്കാരനായി യോഹന്നാൻ ജോലി നോക്കുകയും, അതോടുകൂടെ പഠനം നടത്തുകയും ചെയ്യാമെന്നു ഏൎപ്പാടു ചെയ്തു. ഇങ്ങനെ യോഹന്നാനു പതിന്നാലു വയസ്സായപ്പോൾ മലീൻസിലെത്തി ഫ്റോയിമോണ്ടച്ചനോടുകൂടെ താമസം തുടങ്ങി. തൻെറ പുതിയ വേലക്കാരൻ ഒരു അസാധാരണ കുട്ടിയാണെന്നു ആ വന്ദ്യവൈദികൻ എളുപ്പത്തിൽ മനസ്സിലാക്കി. സാമാന്യ ഭൃത്യന്മാരെപ്പോലെ കരുതാതെ ബഹുമാനപൂൎവ്വം ഈ കുട്ടിയോടു വൎത്തിച്ചുവന്നു. എങ്കിലും യോഹന്നാനു, അദ്ദേഹത്തിൻെറ ശുശ്രൂഷയ്ക്കു വേണ്ടിയുള്ള എത്ര താഴ്ന്ന വേലകൾ ചെയ്യുന്നതിനും ഒരു മടിയുമില്ലായിരുന്നു.

പ്രി. കുഞ്ഞുങ്ങളെ, ദൈവം വിളിക്കുന്ന അന്തസ്സിൽ ചെന്നു ചേരുന്നതിനു വേണ്ട മാൎഗ്ഗങ്ങളും താൻതന്നെ ഏപ്രകാരം ഒപ്പിച്ചുതരുന്നുവെന്നു നോക്കുക. ദാരിദ്ര്യം നിമിത്തം വൈദികാന്തസ്സിൽ പ്രവേശിക്കാൻ സാധിക്കാതെ വരുമെന്നു തന്നെ യോഹന്നാൻ ഭയപ്പെട്ടു. എങ്കിലും തൻെറ നിശ്ചയത്തിൽ സ്ഥിരമായി നിന്നു. എളിമയോടെ ദൈവത്തോടപേക്ഷിച്ചു. ദൈവം വിഘ്നങ്ങളെല്ലാം തീൎക്കുകയും നിവൃത്തിമാൎഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. അല്പം വല്ലതുമൊരു പ്രതിബന്ധം നേരിടുമ്പോൾ നിങ്ങളുടെ നല്ല വിചാരങ്ങളെയും പ്രതിജ്ഞകളെയും വിട്ടുപേക്ഷിച്ചുകളയാതെ നിങ്ങൾ സൂക്ഷിക്കണം. അനുഗ്രഹമുള്ള പിതാവായ ദൈവം നമ്മുടെ സ്ഥിരതയിൽ പ്രസാദിച്ചു എല്ലാക്കാൎയ്യങ്ങളിലും നമ്മെ സഹായിക്കും.

## II. ഈമാസത്തെ മദ്ധ്യസ്ഥ- കന്യകയായ വി. മെക്ത്തിൽദാ

(തിരുനാൾ ഏപ്രിൽ 10-ാംനു- ബുധനാഴ്ച.)

സാക്സനിയിലെ ഒരു ഉയൎന്ന കുടുംബത്തിൽ ജനിച്ച ഈ കന്യക കീൎത്തിപെട്ട ജെൽത്രൂദാ പുണ്യവതിയുടെ ഒരു സഹോദരിയായിരുന്നു. ഏഴു വയസ്സിൽ ഒരു കന്യകാമഠത്തിൽ പ്രവേശിച്ചതിൽപ്പിന്നെ ലോകത്തിലേക്കു പിന്തിരിഞ്ഞിട്ടില്ല. ദൈവജനനിയുടെ ഒരു വാത്സല്യ ഭക്തയായിരുന്നു. പങ്കപ്പാടിന്മേലും ശുദ്ധീകരാത്മാക്കളുടെ നേരെയും ഈ പുണ്യവതിക്കുണ്ടായിരുന്ന പ്രത്യേകഭക്തിയും പ്രസ്താവയോഗ്യം തന്നെ. കറയററ ഒരു ജീവിതം നയിച്ചിരുന്നെങ്കിലും കഠിന പ്രായശ്ചിത്തകൃത്യങ്ങൾ ഇടവിടാതെ അനുഷ്ഠിച്ചുവന്നു. ജീവിതകാലത്തിൽത്തന്നെ അനേക അത്ഭുതപ്രവൃത്തികളാൽ ദുഃഖിതരെ ആശ്വസിപ്പിക്കുകയും, രോഗികളെ സുഖപ്പെടുത്തുകയും ചെയ്കയുണ്ടായി. വി. മെക്തിൽദായേ! പാപത്താൽ ഞങ്ങൾ ഈശോയെ ഉപദ്രവിക്കുന്നതിനുമുമ്പ മരിപ്പാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## III. കെ. സി. സി. ഏ. ഡയറി.

വിദ്യാൎത്ഥികളുടെ ഇക്കൊല്ലത്തെ പരീക്ഷകൾ എല്ലാം അവസാനിച്ചു. ഇനി വിശ്രമത്തിനുള്ള കാലങ്ങളാണു്. ജയാപജയങ്ങൾ പരസ്യമായിട്ടില്ലെങ്കിലും തനതുവിധികൊണ്ടു് ഓരോരുത്തനു അറിയാം. കഴിഞ്ഞ കൊല്ലത്തെ ന്യൂനതകൾ എന്തായിരുന്നെന്നു് ഈ വിശ്രമദിവസങ്ങളിൽ ആലോചിച്ചാൽ നല്ലപോലെ മനസ്സിലാകും. ആ ന്യൂനതകൾ തീൎക്കുന്നതിനുള്ള സ്ഥിരമായ ഒരു പ്രതിജ്ഞ ഈ ഇളവുകാലത്തു ചെയ്യണം.— സ്ഥിരമായ പ്രതിജ്ഞതന്നെയാ

യിരിക്കണം— അല്ലെങ്കിൽ ഇളവു കഴിയുമ്പോൾ വീണ്ടും പഴയപടിതന്നെയായിപ്പോകും. പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാൎയ്യമാണിതെന്നും ഓൎക്കണം.

* * *

ഫെബ്രുവരി മാസത്തിലെ മത്സരത്തിനു നൂററിച്ചിലപാനത്തോളം അംഗങ്ങൾ മാത്രമേ പേരയച്ചിട്ടുള്ളു. ഇത്ര യും ആളുകളെങ്കിലും പ്രതിദിനം അമ്പത്തുമൂന്നുമണിജപം മുടങ്ങാതെ മുട്ടിന്മേൽ നിന്നു ചൊല്ലിയെന്നു കാണുന്നതു സന്തോഷംതന്നെ. ചിട്ടിയിട്ടതിൽ പി. ജെ. സ്കറിയാ തത്തമ്പള്ളി, കീക്കോഴി സ്കറിയാ ചെപ്പുങ്കൽ, ശാലാശ്ശേരി ഏലി കുറവിലങ്ങാട്ട, പതിയിൽ അന്ന കുറവിലങ്ങാട്ട എന്നിവൎക്കു സമ്മാനം ലഭിച്ചിരിക്കുന്നു.

* * *

മാൎച്ച് മാസത്തിലെ മത്സരം കഴിഞ്ഞ കുസുമത്തിൽ നോക്കി പേരയച്ചുതരുമല്ലോ.

* * *

ഏപ്രിൽ മാസത്തിലേക്കു യോഗാരംഭകീൎത്തനവും യോഗാവസാനകീൎത്തനവും മനഃപ്പാഠം പഠിച്ചിട്ടുള്ളവരുടെ പേരുകൾ സെക്രട്ടറിമാർ എഴുതിഅയച്ചുതരണം.

* * *

ശാഖാഡയിപ്പോകൾ പലടത്തും ആരംഭിച്ചിട്ടുള്ളതിനാൽ മാസപ്പിരിവുകൾ അവിടവിടെ കൊടുത്തു പുസ്തകങ്ങൾ വാങ്ങിക്കാവുന്നതാണല്ലോ. അതുകൊണ്ടു മാസംതോറും പൊതുഫണ്ടു കണക്കിനായി ഇനി സ്ഥലം കളയേണ്ട ആവശ്യം കാണുന്നില്ല.

* * *

ഉയിൎപ്പിന്റെ സന്തോഷം എല്ലാവൎക്കും ആശംസിച്ചുകൊണ്ടു നിറുത്തുന്നു.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. ഏലിയാസും ആഹാബും.

പി. എം. ദേവസ്യാ അന്തീനാട്ട്.

വില രണ്ടണ.

പാലായിലെ കത്തോലിക്കാ കോൺഗ്രസ്സിൽവച്ച് സ്വൎണ്ണമെഡൽ സമ്മാനം ലഭിച്ച ഒരു ഖണ്ഡകാവ്യമാണ് ഇതു്. അഹാബ് എന്ന ദുഷ്ടരാജാവിന്റെ ദുൎഭരണം നിമിത്തം ഏലിയാ ദീൎഘദൎശി ശപിക്കയാൽ ശമൎയ്യാ രാജ്യത്തു മഴയില്ലാതായിത്തീരുകയും, ദീൎഘനാൾകഴിഞ്ഞു കൎമ്മേല മലയിൽവച്ച് പ്രവാചകന്റെ പ്രാൎത്ഥനയാൽ അത്ഭുതകരമായി മഴയുണ്ടാകയും മററും ചെയ്ത പഴയനിയമ സംഭവങ്ങൾ തന്മയത്വത്തോടുകൂടെ കവി ഇതിൽ വൎണ്ണിച്ചിട്ടുണ്ടു്. നാലുഭാഗങ്ങളിലായി ആകെ ഇതിൽ അടങ്ങിയിട്ടുള്ള 143 പദ്യങ്ങൾ മി. ദേവസ്യായുടെ കവനകലാവൈഭവത്തെ പ്രസ്പഷ്ടമാക്കുക തന്നെ ചെയ്യും.

### 2. ചെറുപുഷ്പഹാരം.

കെ. ഏ. പോൾ, എറണാകുളം.

വില അഞ്ചണ.

ഗ്രന്ഥകാരൻ ചെറുപുഷ്പ മാസികയിൽ വി. കൊച്ചുത്രേസ്യായെ അധികരിച്ച് പലപ്പോഴായി എഴുതിയിട്ടുള്ള ഏതാനും പദ്യങ്ങളെ പുസ്തകരൂപേണ പ്രസിദ്ധീകരിച്ചിട്ടുള്ളതാണു ഈ 'ചെറുപുഷ്പഹാരം' ഇതിനെത്തുടൎന്നു കത്തോലിക്കാ പദ്യസാഹിത്യത്തിന്റെ അഭിവൃദ്ധിക്കായി ഈദൃശമായ വേറെ കൃതികളും പുറപ്പെടുത്തുന്നതിനു ഗ്രന്ഥകൎത്താവു ഉദ്ദേശിച്ചിട്ടുള്ളതായി കാണുന്നതു സന്തോഷപ്രദം തന്നെ. ചെറുപുഷ്പഹാരത്തിലെ പദ്യങ്ങൾ മിക്കവയും ഹൃദ്യങ്ങളായിട്ടുണ്ടു്. ഒടുവിൽ ചേൎത്തിട്ടുള്ള ടിപ്പണി ഗ്രന്ഥത്തെ കൂടുതൽ ഹൃദ്യമാക്കി ചെയ്യാതിരിക്കയില്ല.

## വർത്തമാന സംഗ്രഹം.

വത്തിക്കാൻ ഗവമ്മെൻറു വകയായി സ്വർണ്ണം, വെള്ളി, നിക്കൽ, ചെമ്പു, ഈ ലോഹങ്ങളിൽ പുതിയ നാണയങ്ങൾ അടിപ്പിക്കാൻ തീർച്ചയാക്കിയിരിക്കുന്നു. നാണയങ്ങളുടെ ഒരു വശത്തു മാർപ്പാപ്പാ തിരുമനസ്സിലെ പടവും, മറുവശത്തു പരിശുദ്ധ പിതാവിൻെറ ചിഹ്നങ്ങളും ഉണ്ടായിരിക്കുന്നതാണു്.

വത്തിക്കാൻ പ്രദേശത്തിൻെറ തലസ്ഥാനം വത്തിക്കാൻ നഗരമായിരിക്കുന്നതാണു്. ഉടമ്പടി സ്ഥിരപ്പെടുത്തിക്കഴിഞ്ഞാലുടൻ ഇററലി രാജാവു വത്തിക്കാനിലെത്തി പരിശുദ്ധപിതാവിനെ സന്ദർശിക്കയും, പരിശുദ്ധ പിതാവു ക്വിരിനാൽ കൊട്ടാരത്തിലെത്തി പ്രതിസന്ദർശനം നടത്തുകയും ചെയ്യുമെന്നറിയുന്നു. ജൂൺമാസത്തോടേ ഇതു നടക്കുമെന്നുദ്ദേശിക്കപ്പെടുന്നു.

വത്തിക്കാൻ നഗരത്തിലേക്കുള്ള പുതിയ തീവണ്ടിയുടെ പ്ലാൻ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ പത്രോസിൻെറ ദേവാലയത്തിനടുത്തുള്ള റെയിൽവെസ്റ്റേഷ്യൻ വത്തിക്കാൻ രാജ്യത്തിനു പുറത്താകയാൽ അവിടെനിന്നു വത്തിക്കാൻ നഗരത്തിലേക്കു ഒരു ലൈൻ ഘടിപ്പിക്കാനാണ് തീർച്ചയാക്കിയിരിക്കുന്നതു്. അതിലേക്കു രണ്ടു പാലങ്ങളും തീരേണ്ടതായിട്ടുണ്ടു്.

പുതിയ സ്റ്റേഷ്യനിൽനിന്നു റോമിലെ വലിയ സ്റ്റേഷ്യനിൽ ചെല്ലാതെ ഇററലിയുടെ ഏതുഭാഗത്തേക്കും പരിശുദ്ധപിതാവിനു യാത്രകഴിക്കാവുന്നതാണ്. മാർപ്പാപ്പായുടെ കത്തീദ്രൽ പള്ളിയായ ജോൺ ലത്തെരാൻ ബസിലിക്കായിലേക്കു താമസിയാതെ ഒരു പ്രവേശനം ഉണ്ടാകുമെന്നു കാണുന്നു.

കുറേമുമ്പ് പണികഴിച്ചിറക്കിയിട്ടുള്ള ഇററാല്യൻ രാജകീയവണ്ടിക്കു തുല്യമായി ഒരു സ്പെഷ്യൽ വണ്ടി മാർപ്പാപ്പായുടെ ഉപയോഗത്തിനായി ഇററലി ഗവമ്മെൻറു പണുതു കൊടുക്കുന്നതാണ്. ഇതിൽ മാർപ്പാപ്പായ്ക്കും അകമ്പടിക്കാർക്കുംവേണ്ടിയുള്ള പല പ്രത്യേക വണ്ടികൾ ഉണ്ടായിരിക്കും. മാർപ്പാപ്പാക്കുള്ള ശയനമുറി, സ്വീകരണമുറി, വായനമുറി അദിയായ സകല സൌകര്യങ്ങൾക്കും പുറമേ, ഒരു കപ്പേളയും അതിൽ ഉണ്ടായിരിക്കും. എല്ലാ വണ്ടികളുടെയും പുറത്തു മാർപ്പാപ്പായുടെ സ്ഥാനമുടി മുദ്രാലങ്കാരമായി സ്ഥാപിക്കപ്പെടും.

സിഞ്ഞോർ മുസ്സോലീനിയുടെ പത്രമായ "പോപ്പൊലൊ ദിത്താലിയ" വത്തിക്കാൻ സന്ധി സംബന്ധിച്ചു പല വിവരങ്ങൾ എഴുതിയിട്ടുണ്ടു്. 1926 ആഗസ്റ്റ് 6-ാം തീയതിയാണ് ഈ കൂടിയാലോചനകൾ ആരംഭിച്ചതു. മാർപ്പാപ്പായുടെ പ്രതിനിധിയായി നിയമിതനായിരുന്നതു സിഞ്ഞോർ പച്ചേല്ലിയായിരുന്നു. അദ്ദേഹം ഗവമ്മെൻറു പ്രതിനിധിയായിരുന്ന സിഞ്ഞോർ ബറോനെയുമായി 110 കൂടിയാലോചനകൾ നടത്തിയിട്ടുണ്ടു്. മാർപ്പാപ്പായുമായി അദ്ദേഹം 129 രഹസ്യാലോചനകൾ നടത്തി. അതിൽ ചിലതിൽ കാർഡിനൽ ഗാസ്പാറിയും സന്നിഹിതനായിരുന്നു.

1926 നവംബർ അവസാനത്തോടെ ഉടമ്പടികളുടെ ആദ്യ നക്കൽ ഏകദേശം തയാറായി. പൂർണ്ണരഹസ്യം കാക്കുന്നതിനുവേണ്ടി രണ്ടു കോപ്പികൾ മാത്രമേ തയാറാക്കിയൊള്ളു. അതും ടൈപ്പ്റയിററു ചെയ്യുന്ന ജോലി സിഞ്ഞോർ പച്ചേല്ലിയുടെ മകനെയാണു ഏൾപിച്ചതു്.

ഇത്രയും കഴിഞ്ഞപ്പോൾ മൊൺസിഞ്ഞോർ ബൊർഗൊൻചീനിയും കൂടിയാലോചനയിൽ സംബന്ധിച്ചുതുടങ്ങി. റോമിനുപുറത്തുള്ള കാർഡിനൽ ബെൽമോന്തെയുടെ ഒരു മന്ദിരത്തിലാണു കൂടിയാലോചനകൾ നടത്തിയതു. കാലത്തു എട്ടുമണിക്കു തുടങ്ങിയാൽ ചിലപ്പോൾ രാത്രി ഒൻപതു മണിവരെയും നീളിച്ചിരുന്നു.

## മനോഗുണവിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറ ടച്ചു അപേക്ഷിക്കണം.

യൌസേപ്പപിതാവിൻെറയും വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെയും സഹായത്താൽ പരീക്ഷയിൽ ജയിച്ചതിനുപകാരസ്മരണ.

റി. ഏ. പുളിങ്കുന്ന്.

വി. കൊച്ചുത്രേസ്യായുടെയും ഈശോ മറിയം യൌസേപ്പിൻെറയും വി. അന്തോനീസിൻെറയും സഹായത്താൽ ലഭിച്ച മനോ ഗുണത്തിനുപകാരസ്മരണ.

സി. എസ്. എം. കൈപ്പമംഗലം.

ഈശോയുടെ തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെയും വി. യൌസേപ്പപിതാവിൻെറയും അനുഗ്രഹത്താൽ എൻെറ ഭാൎയ്യയുടെ ഹൃദോഗസംബന്ധമായ കഠിനരോഗം സുഖപ്പെട്ടതിന്.

പൌലോസ് പുതുമനശ്ശേരി.

പാവർട്ടി.

ആരംഭിച്ചിരിക്കുന്ന ഒരു ഉദ്യമം സുസാദ്ധ്യമായിത്തീരുവാൻ അപേക്ഷപ്പു്.

എ. ഫ്റാൻസീസ് വണ്ടമേട്ട

വി. കൊച്ചുത്രേസ്യായുടെയും ചക്കാലപ്പാറയിൽ മാർ അന്തോനീസിൻെറയും കുൎയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻെറയും സഹായത്താൽ എൻെറ അപ്പൻെറ അസാദ്ധ്യരോഗം സുഖപ്പെട്ടതിന്.

പൈലി പത്രോസ് കിഴക്കൊമ്പു

കൂത്താട്ടുകുളം.

വി. യൌസേപ്പപിതാവിൻെറയും കൊച്ചുത്രേസ്യാ പുണ്യവതിയുടെയും സഹായത്താൽ അപേക്ഷിച്ച കാൎയ്യം സാധിച്ചതിന്

അവുസേപ്പമറിയം പാലാ.

ഈശോ മറിയം യൌസേപ്പിൻെറയും വി. അന്തോനീസിൻെറയും സഹായത്താൽ എനിക്ക വേല കിട്ടിയതിനുപകാരസ്മരണ.

പീയൂസ് ഫർണാണ്ടസ് സിലോൺ.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ പ്രത്യേക സഹായത്താൽ എൻെറ ഭാൎയ്യ യാതൊരു സുഖക്കേടും കൂടാതെ കടിഞ്ഞൂൽ പ്രസവിച്ചതിനുപകാരസ്മരണ.

പി. എ. ഇരിങ്ങാലക്കട.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ബി. എ. പരീക്ഷയിൽ വിജയം പ്രാപിച്ചതിന്.

പോൾ അവരാൻ ബി. എ. വൈന്തല.

വി. അന്നാമ്മയുടെയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥത്താൽ ആഗ്രഹിച്ച കാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

മത്തായി മോനിപ്പിള്ളി.

തത്തമ്പള്ളി വി. അന്തോനീസുപുണ്യവാൻെറയും, കാലം ചെയ്ത കുൎയ്യാളശ്ശേരി മെത്രാനച്ചൻെറയും സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

ജെ. എം. ആലപ്പുഴ.

## ചരമ വാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമ വായനക്കാർ പ്രാൎത്ഥിപ്പാറാകണം.

തിടനാട്ട 601-ാം നമ്പർ കെ. സി. സി. എ. സംഘത്തിലെ അംഗമായ പാറയടീൽ ജോസഫ് ഫെബ്രുവരി 6-ാംനു.

ബേസ്ലഹംപള്ളിയിടവക തേവർപാടത്തു ചാക്കോ ചാക്കോ മാപ്പിള കുംഭം 7-ാംനു 60 വയസ്സ്.

ചേനപ്പാടി തെരകനാട്ടകുന്നു ഇടവക കണ്ടത്തിൽ തൊമ്മൻ കുരുവിള മാപ്പിള അവർകൾ ഫെബ്രുവരി 25.

ആലപ്പുഴ കൈതവന ചിററയ്ക്കാട്ടായ കുന്നതറ തോമ്മാ ചാണ്ടി മാപ്പിള ഫെബ്രുവരി 27.

കാഞ്ഞിരപ്പള്ളിയിടവക കിഴക്കേമററയിൽ ഡോമിനിക്കമാപ്പിള ഫെബ്രുവരി 27-ാംനു- ൬൬ വയസ്സ്

വടയാററുപള്ളിയിടവക പാലാത്തുങ്കൽ തൊമ്മൻമാപ്പിള ഫെബ്രുവരി 28-ാംനു- ൭൫ വയസ്സ്.

മുതലക്കോടംപള്ളിയിടവക ചെമ്പരത്തിങ്കൽ ബ. തോമ്മാ ശെമ്മാശൻെറ ജ്യേഷ്ഠസഹോദരൻ ശ്രീമാൻ അഗസ്റ്റി മാർച്ച് 2-ാംനു- ൩൧ വയസ്സ്.

പാലയൂർ പള്ളിയിടവക ആളൂർ ബ. പൌലോസ് ശെമ്മാശനവർകളുടെ പിതാവു തൊമ്മൻമാപ്പിള അവർകൾ മാർച്ച് 2-ാംനു- ൬൬ വയസ്സ്.

കടുത്തുരുത്തി വലിയപള്ളിയിടവക 223-ാം നമ്പർ കെ. സി. സി. എ. ബാലികാസംഘത്തിലെ ഒരംഗമായ ശ്രീമതി ഏലിയാമ്മ മാർച്ച് 13-ാം തീയതി ൧൨ വയസ്സ്.

# പഞ്ചാംഗം.

എപ്പകത്തി ൧൯. ൧൧൦൪ ഞായറാഴ്ച്ച അക്ഷരം. ൦

## ൧൯൨൯ ഏപ്രിൽ — ൧൧൦൪ മീനം-മേടം.

| | | | | |
|---|---|---|---|---|
| 1 | 19 | തി | (†)ന. ക. ഉ. എം. ന. കു. വെ. | .൨ വെ. |
| 2 | 20 | ചൊ | (†)ന. ക ഉ. എ. ന. കു.വെ. | .൩ വെ. |
| 3 | 21 | ബു | (†)ന. ക. ഉ. എം. ന. കു. വെ. | .൪ വെ. |
| 4 | 22 | വ്യാ | ന ക. ഉ. എം. ന. കു. വെ. | .൭ വെ. |
| 5 | 23 | വെ | ന. ക. ഉ. എം. ന. കു.വെ. | .൬ വെ. |
| 6 | 24 | ശ | ന. ക. ഉ. എം. ന. കു. വെ. | .൦ വെ. |
| 7 | 25 | ഞാ | ✠ ന. ക. ഉ. ൧-ാം ഞാ. പുതുഞാ. ന. കു. ആ. | .൭.൰.൩.൰ വെ. |
| | | | കോക്കമംഗലം, പാവർട്ടി, അറക്കുളം തോമ്മാ സ്ലീഹാ. | |
| 8 | 26 | തി | ✻മൗ. അൽബെർത്തോസ് ന. ആ. കു. വെ. | വെ. |
| 9 | 27 | ചൊ | വേ. ഫബിയാനോസും സെബസ്ത്യാ. ജനു. 20 ന. ആ. കു.വെ. | ച്യു. |
| 10 | 28 | ബു | ✻മൗ. റൈമൊന്തോസു ജനു. 20 ന. ആ. കു. വെ. | വെ. |
| 11 | 29 | വ്യാ | മൗ. പാപ്പാ ലെയോൻ ന. ആ. കു. വെ. | വെ |
| 12 | 30 | വെ | അ. മൗ. യോഹന്നാൻ ക്രിസൊ. ജനു. 27 ന. ആ. കു. വെ. | വെ. |
| 13 | 1 | ശ | ✻ വേ. രാ. ഹെർമ്മനെജിൽദ് ന. ആ. കു. വെ. | ച്യു. |
| 14 | 2 | ഞാ | ✠ ഉ. ൨-ാം ഞാ. ന. കു. ആ. | .൲.൪.൨ വെ. |
| 15 | 3 | തി | അ. വേ. ബ്ളാസിയോസ് ഫെ. ൩. ന. ആ കു. വെ. | ച്യു. |
| 16 | 4 | ചൊ | ✻ക. സ്കൊളാസ്റ്റിക്കാ ഫെ. 10 ന. ആ. കു. വെ. | വെ. |
| 17 | 5 | ബു | പാ. വേ അനിസെത്തോസ് ന. ആ. കു. വെ. | ച്യു. |
| 18 | 6 | വ്യാ | ✻മൗ. അ. പത്രിസിയോസ് മാർച്ച് 17 ന. ആ.കു. വെ. | വെ. |
| | | | മാന്നാനത്തു നാല്പതുമണി ആരംഭം. | |
| 19 | 7 | വെ | ✻മൗ. യോഹ. ദമ്മസോക്ക മാർച്ച് 27 ന. ആ. കു. വെ. | വെ. |
| 20 | 8 | ശ | മൗ. ആ. യോഹ. ക്ലിമക്കോസ് മാർച്ച് 30 ന. ആ. കു. വെ. | വെ. |
| 21 | 9 | ഞാ | ✠ ഉ. ൩-ാം ഞാ. മാർ യൗ.പി. മ. ന.ആ. കുവെ | ..൧൨.൭.൰ വെ. |
| 22 | 10 | തി | വേ. പാ. സോത്തെർ കായിയോസ് ന. ആ. കു. വെ. | ച്യു. |
| 23 | 11 | ചൊ | (†) വേ. ഗീവർഗ്ഗീസ്. ന. ആ. കു. വെ. | ച്യു. |
| 24 | 12 | ബു | ✻ വേ. ഫിദേലിസ് ന. ആ. കു. വെ. | ച്യു. |
| 25 | 13 | വ്യാ | ഏവൻഗലീസ്താ മർക്കോസ് ന. ആ. കു. വെ. | ച്യു. |
| 26 | 14 | വെ | വേ.പാ. ക്ലേത്തോസും മർസെലിനോസും ന. ആ. കു. വെ. | ച്യു. |
| | | | അരിംപൂരു അന്തോനി. പാദു. തിരുനാൾ, | |
| 27 | 15 | ശ | ✻മൗ. പ്രംസീസ്സ്കോസ് പൌളാ ഈ ൨ ന.ആ. കു. വെ. | വെ. |
| 28 | 16 | ഞാ | ✠ ഉ. ൪-ാം ഞാ. ന. കു. ആ. | .൭൰.൬ .൨ വെ. |
| | | | ☞ അടുത്ത 3-ാനു- ആദ്യവെള്ളി. | |
| 29 | 17 | തി | വേ. പത്രോസ് ന. ആ. കു. വെ. | വെ. |
| | | | ഇരിങ്ങാലക്കട പടിഞ്ഞാറെ പള്ളിയിൽ വി. ഗീവറുഗീസു പുണ്യവാൻെറ ദശനത്തിരുനാൾ. | |
| 30 | 18 | ചൊ | ✻ക. കത്രീനാ ദെസിയെന്നാ ന. ആ. കു. വെ. | വെ. |

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam 1929.